# മൂപ്പന്മാരുടെയും ഉത്തരവാദിത്തപ്പെട്ടവരുടെയും അന്തർദേശീയ പരിശീലനം

മാർച്ച് 2026

പൊതുവിഷയം:

## വചനത്തിന്റെ ശുശ്രൂഷയും ദൈവത്തിന്റെ വ്യവസ്ഥയ്ക്കുവേണ്ടിയുള്ള ദൈവത്തിന്റെ പകർച്ചയും

ദൂത് അഞ്ച്

## കർത്താവിൽ നിന്നുള്ള ഭാരത്തോടെ വചനം ശുശ്രൂഷിക്കുകയും ഒരുമനസ്സിൽ അന്യോന്യം ഏകോപിപ്പിക്കുകയും ചെയ്തുകൊണ്ട് അവന്റെ വിശ്വസ്തരായ കാര്യവിചാരകന്മാരായി അവന്റെ വ്യവസ്ഥ നിർവഹിക്കുന്നതിന് കർത്താവിനോടുകൂടെ സഹകരിക്കുന്നു

EM *Hymns*: ML487

തിരുവെഴുത്ത് വായന: യെശ. 1:1; 2:1; 13:1; 15:1; സെഖ. 12:1; മലാ. 1:1 പ്രവൃ. 1:14; 2:46; 6:4; 1 കൊരി. 14:4

യെശ. 1:1 ആമോസിന്റെ മകനായ യെശയ്യാവു യെഹൂദാരാജാക്കന്മാരായ ഉസ്സീയാവു, യോഥാം, ആഹാസ്, യെഹിസ്കീയാവു എന്നിവരുടെ കാലത്തു യെഹൂദയെയും യെരൂശലേമിനെയും പറ്റി ദർശിച്ച ദർശനം.

യെശ. 2:1 ആമോസിന്റെ മകനായ യെശയ്യാവു യെഹൂദയെയും യെരൂശലേമിനെയും പറ്റി ദർശിച്ച വചനം.

യെശ. 13:1 ആമോസിന്റെ മകനായ യെശയ്യാവു ബാബേലിനെക്കുറിച്ചു ദർശിച്ച പ്രവാചകം:

യെശ. 15:1 മോവാബിനെക്കുറിച്ചുള്ള പ്രവാചകം: ഒരു രാത്രിയിൽ മോവാബിലെ ആർപട്ടണം നശിച്ചു ശൂന്യമായിപ്പോയിരിക്കുന്നു; ഒരു രാത്രിയിൽ മോവാബിലെ കീർപട്ടണം നശിച്ചു ശൂന്യമായിപ്പോയിരിക്കുന്നു.

സെഖ. 12:1 പ്രവാചകം, യിസ്രായേലിനെക്കുറിച്ചുള്ള യഹോവയുടെ അരുളപ്പാടു; ആകാശം വിരിക്കയും ഭൂമിയുടെ അടിസ്ഥാനം ഇടുകയും മനുഷ്യന്റെ ആത്മാവിനെ അവന്റെ ഉള്ളിൽ നിർമ്മിക്കയും ചെയ്തിരിക്കുന്ന യഹോവയുടെ അരുളപ്പാടു.

മലാ. 1:1 പ്രവാചകം; മലാഖി മുഖാന്തരം യിസ്രായേലിനോടുള്ള യഹോവയുടെ അരുളപ്പാടു.

പ്രവൃ. 1:14 ഇവർ എല്ലാവരും, സ്ത്രീകളോടും യേശുവിന്റെ അമ്മ മറിയയോടും, അവന്റെ സഹോദരന്മാരോടും കൂടെ, ഒരുമനസ്സോടെ ദൃഢചിത്തരായി പ്രാർഥനയിൽ തുടർന്നു.

പ്രവൃ. 2:46 അവർ ദിനംപ്രതി ഒരുമനസ്സോടെ ദൃഢചിത്തരായി ദൈവാലയത്തിൽ തുടർന്നും, ഭവനംതോറും അപ്പം നുറുക്കിയും, ഉല്ലാസത്തോടും ഹൃദയലാളിത്യത്തോടുംകൂടെ തങ്ങളുടെ ഭക്ഷണത്തിൽ പങ്കുകൊള്ളുകയും,

പ്രവൃ. 6:4 എന്നാൽ ഞങ്ങൾ പ്രാർഥനയിലും വചന ശുശ്രൂഷയിലും ദൃഢചിത്തരായി തുടരും.

1 കൊരി. 14:4 അന്യഭാഷയിൽ സംസാരിക്കുന്നവൻ തനിക്കുതാൻ കെട്ടുപണി ചെയ്യുന്നു, എന്നാൽ പ്രവചിക്കുന്നവൻ സഭയെ കെട്ടുപണി ചെയ്യുന്നു.

**I. ദൈവത്തിന്റെ നിത്യ വ്യവസ്ഥ, അതായത് ദൈവത്തിന്റെ പദ്ധതി, അവന്റെ ഭവനവ്യവസ്ഥയാണ്, അവന്റെ ഭവനത്തിലെ കാര്യനിർവഹണമാണ്; ദൈവത്തിന്റെ പകർച്ച, അതായത് ദൈവത്തിന്റെ വിതരണം, അവൻ തന്റെ വ്യവസ്ഥ നിറവേറ്റുന്നതിനുള്ള പ്രക്രിയയും ഉപാധിയുമാണ്; ഇക്കാരണത്താൽ ദൈവത്തിന്റെ പകർച്ച ദൈവത്തിന്റെ വ്യവസ്ഥയ്ക്കുവേണ്ടിയാണ്—1 തിമൊ. 1:3-4, 4-ാം വാക്യത്തിന്റെ അടിക്കുറിപ്പ് 2:**

1 തിമൊ. 1:3 ഞാൻ മക്കെദോന്യയിലേക്കു പോകുമ്പോൾ ചിലരോട് വ്യത്യസ്ത കാര്യങ്ങൾ ഉപദേശിക്കരുതെന്നും,

1 തിമൊ. 1:4 വിശ്വാസത്തിലുള്ള ദൈവവ്യവസ്ഥയെക്കാൾ ചോദ്യംചെയ്യലുകൾ ഉളവാക്കുന്ന കെട്ടുകഥകൾക്കും അന്തമില്ലാത്ത വംശാവലികൾക്കും ശ്രദ്ധ കൊടുക്കരുതെന്നും ആജ്ഞാപിക്കേണ്ടതിന് നീ എഫെസൊസിൽ തുടരുവാൻ ഞാൻ നിന്നെ പ്രബോധിപ്പിച്ചതു പോലെ തന്നെ.

കുറിപ്പ് 3 യവനപദത്തിന്റെ അർഥം ഭവനനിയമം എന്നാണ്. ഇത് വിതരണത്തെ സൂചിപ്പിക്കുന്നു (ഈ വാക്കിന്റെ അടിസ്ഥാനപദം, യോഹ. 10:9-ലെ മേച്ചിൽപ്പുറം എന്നതിന്റെ അതേ മൂലപദത്തിൽ നിന്നുള്ളതാണ്. ആട്ടിൻകൂട്ടത്തിന് മേച്ചിൽപ്പുറം വീതിച്ചുകൊടുക്കുന്നതിനെ ഇത് സൂചിപ്പിക്കുന്നു). ഇത് ഭവനപാലനത്തെ, ഭവനത്തിലെ കാര്യനിർവഹണത്തെ, ഭവനത്തിലെ ഭരണവ്യവസ്ഥയെ കുറിക്കുന്നു. ആനുമാനികമായി ഇത് ഭരണനിർവഹണത്തിനായി (വിതരണത്തിനായി) പകർന്നു നൽകുന്നതിനെയോ, ഭരണനിർവഹണത്തിനായുള്ള പദ്ധതിയെയോ വ്യവസ്ഥയെയോ സൂചിപ്പിക്കുന്നു; അതുകൊണ്ട് അത് ഒരു ഭവനവ്യവസ്ഥയുമാണ്. വിശ്വാസത്തിലുള്ള ദൈവവ്യവസ്ഥ, തന്നെ ആവിഷ്കരിക്കുവാൻ തനിക്ക് ഒരു ഭവനം ഉണ്ടായിരിക്കേണ്ടതിന് താൻ തിരഞ്ഞെടുത്ത ജനത്തിലേക്ക് തന്നെത്തന്നെ ക്രിസ്തുവിൽ പകർന്നു നൽകുക എന്ന ദൈവത്തിന്റെ ഭവനവ്യവസ്ഥയാണ്, അവന്റെ ഭവനത്തിലെ കാര്യനിർവഹണമാണ് (പ്ര.നി. എഫെ. 1-ൽ കുറിപ്പ് 104; എഫെ. 3:9). ഈ ഭവനം ക്രിസ്തുവിന്റെ ശരീരമായ സഭയാണ് (3:15). അപ്പൊസ്തലന്റെ ശുശ്രൂഷ, ദൈവത്തിന്റെ ഈ വ്യവസ്ഥയിൽ കേന്ദ്രീകരിച്ചിരുന്നു (കൊലൊ. 1:25; 1 കൊരി. 9:17). നേരേമറിച്ച്, ദൈവജനത്തെ ഈ വ്യവസ്ഥയിൽ നിന്ന് വ്യതിചലിപ്പിക്കുവാൻ ദൈവത്തിന്റെ ശത്രു ഭിന്നാഭിപ്രായക്കാരുടെ വ്യത്യസ്ത ഉപദേശങ്ങളെ ഉപയോഗിച്ചു. ഒരു സ്ഥലം സഭയിലെ കാര്യനിർവഹണത്തിലും മേയ്പിലും ഈ ദിവ്യവ്യവസ്ഥയെ വിശുദ്ധന്മാർക്ക് പൂർണമായി വ്യക്തമാക്കിക്കൊടുക്കേണ്ടതുണ്ട്.

ഈ പുസ്തകത്തിന്റെ ഒന്നാം അധ്യായത്തിൽ അപ്പൊസ്തലനായ പൗലൊസ്, വ്യത്യസ്ത ഉപദേശങ്ങൾക്കെതിരായി ദൈവവ്യവസ്ഥയെ അവതരിപ്പിച്ചു. ദൈവവ്യവസ്ഥ വിശ്വാസത്തിലുള്ളതാണ് (വാ. 4), നേരേമറിച്ച്, വ്യത്യസ്ത ഉപദേശങ്ങൾ ന്യായപ്രമാണതത്ത്വത്തെ ആധാരമാക്കിയതും, ന്യായപ്രമാണത്തെ

കേന്ദ്രീകരിച്ചിരിക്കുന്നതുമാണ് (വാ. 7 - 10). അതുകൊണ്ട്, ഗലാ . 3-ൽ (വാ. 2, 5, 23-25) പ്രതിപാദിച്ചിരിക്കുന്നതുപോലെ, വിശ്വാസം ന്യായ പ്രമാണത്തിനെതിരാണ്. ന്യായപ്രമാണതത്ത്വത്തെ ആധാരമാക്കിയതും, ന്യായപ്രമാണത്തെ കേന്ദ്രീകരിച്ചിരിക്കുന്നതുമായ ഏതൊരു ഉപദേശവും പഥ്യോപദേശമല്ല (വാ. 11). ന്യായപ്രമാണ തത്ത്വത്തെ ആധാരമാക്കിയതും ന്യായപ്രമാണത്തെ കേന്ദ്രീകരിച്ചിരിക്കുന്നതുമായ ഉപദേശങ്ങൾക്കെതിരായ വിശ്വാസത്തിലുള്ള ദൈവവ്യവസ്ഥ മാത്രമാണ് (വാ. 4) പഥ്യോപദേശം. അതിന് മാത്രമേ, നിത്യജീവങ്കലേക്ക് ക്രിസ്തുവിന്മേൽ വിശ്വസിക്കുക എന്നതും (വാ. 16), തന്നിമിത്തം ദൈവത്തിന്റെ നിത്യപദ്ധതിയിൽ, വിശ്വാസത്തിലുള്ള ദൈവവ്യവസ്ഥയിൽ പങ്കുചേരുക എന്നതും ജനത്തിന് സാധ്യമാക്കിത്തീർക്കുവാൻ കഴിയുകയുള്ളൂ. ഇതാണ്, അനുഗൃഹീതനായ ദൈവം പൗലൊസിനെ ഭരമേൽപ്പിച്ച തേജസ്സിന്റെ സുവിശേഷം (വാ. 11). ആരെങ്കിലും ഇങ്ങനെയുള്ള വിശ്വാസത്തെയും നല്ല മനസ്സാക്ഷിയെയും തള്ളിക്കളയുന്നുവെങ്കിൽ, അവൻ വിശ്വാസം സംബന്ധിച്ച് ആഴക്കടലിൽ കപ്പൽച്ചേതം സംഭവിച്ചവനായിത്തീരുന്നു (വാ. 19).

A. ദൈവത്തിന്റെ വ്യവസ്ഥയുടെ കേന്ദ്രവും, ചുറ്റളവും, മൂലകവും, ഗോളവും, മുഖാന്തരവും, ലക്ഷ്യവും, ലാക്കും ക്രിസ്തുവാണ്; വാസ്തവത്തിൽ, ദൈവത്തിന്റെ നിത്യ വ്യവസ്ഥയുടെ എല്ലാ ഉള്ളടക്കങ്ങളും ക്രിസ്തുവാണ്—മത്താ. 17:5; ലൂക്കൊ. 24:44.

| | |
|---|---|
| മത്താ. 17:5 | അവൻ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ ഇതാ, പ്രകാശപൂരിതമായ ഒരു മേഘം അവർക്കുമീതെ നിഴലിടുകയും, ഇതാ, മേഘത്തിൽ നിന്ന്, ഇവൻ എന്റെ പുത്രൻ, പ്രിയനായവൻ, ഇവനിൽ ഞാൻ എന്റെ പ്രസാദം കണ്ടെത്തിയിരിക്കുന്നു; ഇവനെ കേൾക്കുവിൻ! എന്നു സംസാരിക്കുന്ന ഒരു ശബ്ദവും ഉണ്ടായി. |
| ലൂക്കൊ. 24:44 | അവൻ അവരോട്, മോശെയുടെ ന്യായപ്രമാണത്തിലും പ്രവാചകന്മാരിലും സങ്കീർത്തനങ്ങളിലും എന്നെക്കുറിച്ച് എഴുതിയിരിക്കുന്ന എല്ലാ കാര്യങ്ങളും നിറവേറേണ്ടതാകുന്നു, എന്ന എന്റെ ഈ വാക്കുകൾ, ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരുന്നപ്പോൾ തന്നെ നിങ്ങളോടു സംസാരിച്ച കാര്യങ്ങൾ ആകുന്നു എന്നു പറഞ്ഞു. |

B. ദൈവത്തിന്റെ വ്യവസ്ഥ അറിയുന്നില്ലെങ്കിൽ നമുക്ക് വേദപുസ്തകം മനസ്സിലാകുകയില്ല; വേദപുസ്തകത്തിന്റെ കേന്ദ്ര വിഷയം ദൈവത്തിന്റെ വ്യവസ്ഥയാണ്, മുഴുവൻ വേദപുസ്തകവും ദൈവത്തിന്റെ വ്യവസ്ഥയെ സംബന്ധിച്ചാണ്—ലൂക്കൊ. 24:45; ഇയ്യോ. 10:13; പ്ര.നി. എഫെ. 3:9.

| | |
|---|---|
| ലൂക്കൊ. 24:45 | അപ്പോൾ തിരുവെഴുത്തുകളെ മനസ്സിലാക്കുവാൻ അവൻ അവരുടെ മനസ്സിനെ തുറന്നു. |
| ഇയ്യോ. 10:13 | എന്നാൽ നീ ഇതു നിന്റെ ഹൃദയത്തിൽ ഒളിച്ചുവെച്ചു; ഇതായിരുന്നു നിന്റെ താല്പര്യം എന്നു ഞാൻ അറിയുന്നു. |
| എഫെ. 3:9 | സർവവും സൃഷ്ടിച്ച ദൈവത്തിൽ യുഗങ്ങൾ ഉടനീളം മറഞ്ഞു കിടന്ന മർമത്തിന്റെ വ്യവസ്ഥ എന്തെന്ന് |

| | |
|---|---|
| | കാണേണ്ടതിന് എല്ലാവരെയും പ്രകാശിപ്പിക്കുവാനും ഈ കൃപ നൽകപ്പെട്ടു, |

C. ദൈവത്തിന്റെ വ്യവസ്ഥ എന്നത്, നമ്മുടെ ആളത്തം അവന്റെ ആളത്തത്താൽ സംരചിക്കപ്പെടത്തക്കവണ്ണം അവനെത്തന്നെ നമ്മുടെ ആളത്തത്തിലേക്ക് പകരുന്നതാണ്; ഇത് ദൈവം അവനെത്തന്നെ ദിവ്യജീവനായി നമ്മിലേക്ക് പകരപ്പെടുന്നതിലൂടെ മാത്രമേ നിവർത്തിക്കുവാൻ സാധിക്കുകയുള്ളൂ—വാ. 16-17; യോഹ. 10:10; 14:6; 1 കൊരി. 15:45; റോമ. 8:2, 6, 10-11.

| | |
|---|---|
| എഫെ. 3:16 | അത് തന്റെ മഹത്വത്തിന്റെ ധനത്തിനൊത്തവണ്ണം, അവന്റെ ആത്മാവിലൂടെ നിങ്ങൾ അകത്തെ മനുഷ്യനിലേക്ക് ശക്തിയോടെ ബലപ്പെടുവാനും, |
| എഫെ. 3:17 | അത് ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുവാനും, അത് നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ട്, |
| യോഹ. 10:10 | മോഷ്ടിക്കുവാനും കൊല്ലുവാനും നശിപ്പിക്കുവാനും അല്ലാതെ കള്ളൻ വരുന്നില്ല; അവർക്ക് ജീവൻ ഉണ്ടാകുവാനും സമൃദ്ധമായി ഉണ്ടാകുവാനും ഞാൻ വന്നിരിക്കുന്നു. |
| യോഹ. 14:6 | യേശു അവനോട്, വഴിയും യാഥാർഥ്യവും ജീവനും ഞാൻ ആകുന്നു; എന്നിലൂടെ അല്ലാതെ ആരും പിതാവിന്റെ അടുക്കൽ വരുന്നില്ല. |
| 1 കൊരി. 15:45 | അങ്ങനെ, "ഒന്നാം മനുഷ്യനായ ആദാം ജീവനുള്ള ദേഹി ആയിത്തീർന്നു" എന്ന് എഴുതിയിരിക്കുന്നു; ഒടുക്കത്തെ ആദാം ജീവൻ-നൽകുന്ന ആത്മാവ് ആയിത്തീർന്നു. |
| റോമ. 8:2 | എന്തെന്നാൽ ജീവന്റെ ആത്മാവിന്റെ പ്രമാണം എന്നെ പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽനിന്ന് ക്രിസ്തു യേശുവിൽ സ്വതന്ത്രനാക്കിയിരിക്കുന്നു. |
| റോമ. 8:6 | ജഡത്തിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് മരണം ആകുന്നു, എന്നാൽ ആത്മാവിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് ജീവനും സമാധാനവും ആകുന്നു. |
| റോമ. 8:10 | എന്നാൽ ക്രിസ്തു നിങ്ങളിൽ ഉണ്ടെങ്കിലോ, ശരീരം പാപം നിമിത്തം മരിച്ചതെങ്കിലും, ആത്മാവ് നീതി നിമിത്തം ജീവൻ ആകുന്നു. |
| റോമ. 8:11 | യേശുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നുവെങ്കിൽ, ക്രിസ്തുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിലൂടെ നിങ്ങളുടെ മർത്യശരീരങ്ങൾക്കും ജീവൻ നൽകും. |

II. **തന്റെ വ്യവസ്ഥ നടപ്പിലാക്കുന്നതിന്, ദൈവത്തിന് വിശ്വസ്തരായ** കാര്യ**വിചാരകന്മാർ, പകർച്ചക്കാർ ഉണ്ടായിരിക്കണം, അവർ ദൈവമക്കൾക്ക് ദിവ്യ ജീവസഹായം പകർന്നുനൽകുന്നു—ലൂക്കൊ. 12:42; തീത്തൊ. 1:7:**

| | |
|---|---|
| ലൂക്കൊ. 12:42 | കർത്താവ് പറഞ്ഞു, അപ്പോൾ തക്കസമയത്ത് അവരുടെ |

ഭക്ഷണത്തിന്റെ പങ്കു കൊടുക്കുവാൻ തന്റെ സേവനത്തിന്മേൽ യജമാനൻ ആക്കിവയ്ക്കുന്ന വിശ്വസ്തനും വിവേകമുള്ളവനുമായ കാര്യവിചാരകൻ ആർ?

തീത്തൊ. 1:7 — മേൽവിചാരകൻ, ദൈവത്തിന്റെ കാര്യവിചാരകൻ എന്ന നിലയിൽ അനിന്ദ്യനായിരിക്കണം, തന്നിഷ്ടക്കാരനും മുൻകോപിയും മദ്യപാനിയും തല്ലുകാരനും നീച ലാഭത്തിന് അത്യാഗ്രഹിയും ആകാതെ,

A. 1 തിമൊഥെയൊസ് 1:4-ലും എഫെസ്യർ 1:10-ലും *കാര്യവിചാരകൻ* എന്നതിനുള്ള യവന പദത്തിന് വ്യവസ്ഥ എന്ന പദത്തിനുള്ള അതേ മൂലപദമാണുള്ളത്.

1 തിമൊ. 1:4 — വിശ്വാസത്തിലുള്ള ദൈവവ്യവസ്ഥയെക്കാൾ ചോദ്യംചെയ്യലുകൾ ഉളവാക്കുന്ന കെട്ടുകഥകൾക്കും അന്തമില്ലാത്ത വംശാവലികൾക്കും ശ്രദ്ധ കൊടുക്കരുതെന്നും ആജ്ഞാപിക്കേണ്ടതിന് നീ എഫെസൊസിൽ തുടരുവാൻ ഞാൻ നിന്നെ പ്രബോധിപ്പിച്ചതു പോലെ തന്നെ.

എഫെ. 1:10 — അത് അവനിൽ സ്വർഗത്തിലുള്ളതും ഭൂമിയിലുള്ളതുമായ സകലതും, ക്രിസ്തുവിൽ തലമപ്പെടുക എന്ന കാല സമ്പൂർണതയുടെ വ്യവസ്ഥയിങ്കലേക്ക് ആകുന്നു,

B. ദൈവത്തിന്റെ ഭവനക്കാരായ വിശുദ്ധന്മാർക്ക് ബഹുവിധമായ ദൈവകൃപയെന്ന നിലയിൽ ക്രിസ്തുവിനെ പകർന്നുനൽകുന്നതിന് നാമെല്ലാവരും ക്രിസ്തുവിനെ ആസ്വദിക്കുകയും ക്രിസ്തുവിനെ ശുശ്രൂഷിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ വ്യവസ്ഥയുടെ നല്ലവരും വിശ്വസ്തരുമായ കാര്യവിചാരകരായിരിക്കണം—1 കൊരി. 4:1-2; എഫെ. 3:2; 1 പത്രൊ. 4:10; എഫെ. 2:19.

1 കൊരി. 4:1 — ഇപ്രകാരം, ക്രിസ്തുവിന്റെ സേവകന്മാരായും ദൈവമർമങ്ങളുടെ കാര്യവിചാരകന്മാരായും ഒരു മനുഷ്യൻ ഞങ്ങളെ എണ്ണിക്കൊള്ളേണം.

1 കൊരി. 4:2 — കൂടാതെ ഇവിടെ, കാര്യവിചാരകന്മാരിൽ ഒരുവൻ വിശ്വസ്തനായി കാണപ്പെടേണ്ടതിനത്രേ അന്വേഷിക്കുന്നത്.

എഫെ. 3:2 — നിങ്ങൾക്കായി എനിക്കു നൽകപ്പെട്ട ദൈവകൃപയുടെ കാര്യവിചാരകത്വത്തെക്കുറിച്ച് നിങ്ങൾ വാസ്തവമായി കേട്ടിട്ടുണ്ടെങ്കിൽ,

1 പത്രൊ. 4:10 — ഓരോരുത്തനും, തനിക്ക് വരം ലഭിച്ചിരിക്കുന്നതുപോലെ, ബഹുവിധമായ ദൈവകൃപയുടെ നല്ല കാര്യവിചാരകന്മാരായി നിങ്ങളുടെ ഇടയിൽ അത് ശുശ്രൂഷിച്ചുകൊണ്ടുതന്നെ.

എഫെ. 2:19 — അതിനാൽ നിങ്ങൾ ഇനി അന്യരും പരദേശികളും അല്ല, വിശുദ്ധന്മാരുടെ സഹപൗരന്മാരും ദൈവത്തിന്റെ ഭവനത്തിലെ അംഗങ്ങളും ആകുന്നു.

C. ദിവസംതോറും അത്ഭുതകരമായ ഒരു സന്നിവേശം നടന്നുകൊണ്ടിരിക്കണം; ദൈവം കൃപയുടെ ആത്മാവിനെ സമൃദ്ധമായി

നൽകിക്കൊണ്ടിരിക്കുന്നു, നാം കൃപയുടെ ആത്മാവിനെ തുടർമാനമായി സ്വീകരിക്കുകയും പകരുകയും ചെയ്തുകൊണ്ടിരിക്കുന്നു—യോഹ. 1:16; എബ്രാ. 10:29; ഗലാ. 3:2-5; എഫെ. 3:2; 4:29.

| | |
|---|---|
| യോഹ. 1:16 | അവന്റെ നിറവിൽ നിന്ന് നമുക്ക് എല്ലാവർക്കും, കൃപമേൽ കൃപ ലഭിച്ചിരിച്ചിരിക്കുന്നു. |
| എബ്രാ. 10:29 | ദൈവപുത്രനെ ചവിട്ടിമെതിക്കുകയും, തന്നെ വിശുദ്ധീകരിച്ച ഉടമ്പടിയുടെ രക്തത്തെ പൊതുവായത് എന്ന് കരുതുകയും, കൃപയുടെ ആത്മാവിനെ അപമാനിക്കുകയും ചെയ്തവനെ എത്ര ദുഷ്കരമായ ശിക്ഷക്കു യോഗ്യനായി കരുതും എന്ന് നിങ്ങൾക്കു തോന്നുന്നു? |
| ഗലാ. 3:2 | ഇതു മാത്രം നിങ്ങളിൽനിന്ന് അറിയുവാൻ ഞാൻ ഇച്ഛിക്കുന്നു, ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാലോ വിശ്വാസത്തിന്റെ കേൾവിയാലോ നിങ്ങൾക്ക് ആത്മാവിനെ ലഭിച്ചത്? |
| ഗലാ. 3:3 | നിങ്ങൾ ഇത്ര മൂഢരോ? ആത്മാവിനാൽ തുടങ്ങിയിട്ട്, ഇപ്പോൾ ജഡത്താലോ നിങ്ങൾ തികവു പ്രാപിക്കുന്നത്? |
| ഗലാ. 3:4 | അത് വൃഥാവായിരുന്നുവെങ്കിൽ, നിങ്ങൾ വൃഥാവായോ നിരവധി കാര്യങ്ങൾ സഹിച്ചത്? |
| ഗലാ. 3:5 | അതുകൊണ്ട് നിങ്ങൾക്ക് ആത്മാവിനെ ധാരാളമായി പ്രദാനം ചെയ്തുകൊണ്ട് നിങ്ങളുടെ ഇടയിൽ വീര്യപ്രവൃത്തികൾ ചെയ്യുന്നവൻ, ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാലോ വിശ്വാസത്തിന്റെ കേൾവിയാലോ അത് ചെയ്യുന്നത്? |
| എഫെ. 3:2 | നിങ്ങൾക്കായി എനിക്കു നൽകപ്പെട്ട ദൈവകൃപയുടെ കാര്യവിചാരകത്വത്തെക്കുറിച്ച് നിങ്ങൾ വാസ്തവമായി കേട്ടിട്ടുണ്ടെങ്കിൽ, |
| എഫെ. 4:29 | നിങ്ങളുടെ വായിൽനിന്ന് ദുഷിച്ച വാക്കൊന്നും പുറപ്പെടാതെ, കേൾക്കുന്നവർക്ക് കൃപ ലഭിക്കേണ്ടതിന്, ആവശ്യാനുസരണം, കെട്ടുപണിക്ക് കൊള്ളാവുന്നതു മാത്രം പുറപ്പെടട്ടെ. |

D. നാം കൃപയുടെ കാര്യവിചാരകത്വം, കൃപയുടെ പകർച്ച നിർവഹിക്കത്തക്കവണ്ണം ക്രിസ്തീയ ജീവിതം കൃപയുടെ ജീവിതം, കൃപയുടെ അനുഭവമാണ്—3:1-2; 2 കൊരി. 12:7-9.

| | |
|---|---|
| എഫെ. 3:1 | ഇതു നിമിത്തം ജാതികളായ നിങ്ങൾക്കു വേണ്ടി ക്രിസ്തു യേശുവിന്റെ തടവുകാരനായ പൗലൊസ് എന്ന ഞാൻ, |
| എഫെ. 3:2 | നിങ്ങൾക്കായി എനിക്കു നൽകപ്പെട്ട ദൈവകൃപയുടെ കാര്യവിചാരകത്വത്തെക്കുറിച്ച് നിങ്ങൾ വാസ്തവമായി കേട്ടിട്ടുണ്ടെങ്കിൽ, |
| 2 കൊരി. 12:7 | വെളിപാടുകളുടെ അതിവിശിഷ്ടത നിമിത്തം, ഞാൻ അത്യന്തം ഉയർത്തപ്പെടാതിരിക്കേണ്ടതിന്, എനിക്ക് ജഡത്തിൽ ഒരു മുള്ള്, സാത്താന്റെ ഒരു ദൂതനെ, എന്നെ ഇടിക്കേണ്ടതിന് തന്നിരിക്കുന്നു, ഞാൻ അത്യന്തം |

| | |
|---|---|
| | ഉയർത്തപ്പെടാതിരിക്കേണ്ടതിന് തന്നെ. |
| 2 കൊരി. 12:8 | അത് എന്നെ വിട്ടുപോകേണ്ടതിന്, ഇതിനെക്കുറിച്ച് ഞാൻ മൂന്നു പ്രാവശ്യം കർത്താവിനോട് അപേക്ഷിച്ചു. |
| 2 കൊരി. 12:9 | അവൻ എന്നോട്, എന്റെ കൃപ നിനക്ക് മതി, എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു എന്ന് പറഞ്ഞു. അതുകൊണ്ട് ക്രിസ്തുവിന്റെ ശക്തി എന്റെമേൽ കൂടാരമടിക്കേണ്ടതിന്, ഞാൻ അതിസന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും. |

E. നാം വിശുദ്ധന്മാരുടെ ജീവന്റെ വളർച്ചയ്ക്കും അവരുടെ ക്രിസ്താസ്വാദനത്തിനുമായി അവർക്ക് ദൈവകൃപയുടെ വചനം ശുശ്രൂഷിക്കുന്നവരും പകരുന്നവരുമായ, കൃപയുടെ ആത്മാവിന്റെ ധാരാളമായ സഹായത്തിന്റെ ചാലുകളായിരിക്കണം—പ്രവൃ. 6:4; 20:32; 2 കൊരി. 3:6; ഫിലി. 1:19-25; എബ്രാ. 10:29; 1 യോഹ. 5:16.

| | |
|---|---|
| പ്രവൃ. 6:4 | എന്നാൽ ഞങ്ങൾ പ്രാർഥനയിലും വചന ശുശ്രൂഷയിലും ദൃഢചിത്തരായി തുടരും. |
| പ്രവൃ. 20:32 | ഇപ്പോൾ ഞാൻ നിങ്ങളെ ദൈവത്തിനും, നിങ്ങളെ കെട്ടുപണി ചെയ്യുവാനും വിശുദ്ധീകരിക്കപ്പെട്ട എല്ലാവരുടെയും ഇടയിലുള്ള അവകാശം നിങ്ങൾക്ക് നൽകുവാനും കഴിയുന്ന അവന്റെ കൃപയുടെ വചനത്തിനും ഭരമേൽപ്പിക്കുന്നു. |
| 2 കൊരി. 3:6 | അവൻ ഞങ്ങളെ പുതിയ ഉടമ്പടിയുടെ ശുശ്രൂഷക്കാരായി പര്യാപ്തരാക്കിയിരിക്കുന്നു, അക്ഷരത്തിന്റെയല്ല ആത്മാവിന്റെ ശുശ്രൂഷക്കാരത്രേ; അക്ഷരം കൊല്ലുന്നു, ആത്മാവോ ജീവൻ നൽകുന്നു. |
| ഫിലി. 1:19 | നിങ്ങളുടെ അപേക്ഷയാലും യേശു ക്രിസ്തുവിന്റെ ആത്മാവിന്റെ ധാരാളമായ സഹായത്താലും ഇത് എനിക്ക് രക്ഷയ്ക്കായി ഭവിക്കും എന്നു ഞാൻ അറിയുന്നു, |
| ഫിലി. 1:20 | എന്റെ വ്യഗ്രമായ പ്രതീക്ഷയ്ക്കും പ്രത്യാശയ്ക്കും ഒത്തവണ്ണം, യാതൊന്നിലും ഞാൻ ലജ്ജിച്ചുപോകാതെ, പൂർണ ധൈര്യത്തോടെ, എപ്പോഴും എന്നപോലെ ഇപ്പോഴും ജീവനാലാകട്ടെ മരണത്താലാകട്ടെ ക്രിസ്തു എന്റെ ശരീരത്തിൽ മഹിമപ്പെടും. |
| ഫിലി. 1:21 | എനിക്കു ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവും ആകുന്നു. |
| ഫിലി. 1:22 | എന്നാൽ ഞാൻ ജഡത്തിൽ ജീവിക്കുന്നത്, അത് എന്റെ വേലയ്ക്കു ഫലമാകുന്നു എങ്കിൽ, ഞാൻ എന്ത് തിരഞ്ഞെടുക്കും എന്ന് അറിയുന്നില്ല. |
| ഫിലി. 1:23 | എന്നാൽ രണ്ടിനും ഇടയിൽ ഞാൻ ഞെരുങ്ങുന്നു, വിട്ടുപിരിഞ്ഞ് ക്രിസ്തുവിനോടുകൂടെ ആയിരിക്കുവാൻ വാഞ്ഛ ഉണ്ട്, അത് അത്യുത്തമമല്ലോ; |
| ഫിലി. 1:24 | എന്നാൽ ജഡത്തിൽ ആയിരിക്കുന്നത് നിങ്ങൾ നിമിത്തം അധികം ആവശ്യമാകുന്നു. |

| | |
|---|---|
| ഫിലി. 1:25 | ഇതിൽ ഉറപ്പുണ്ടായിട്ട്, നിങ്ങളുടെ വിശ്വാസത്തിന്റെ പുരോഗതിക്കും സന്തോഷത്തിനുമായി ഞാൻ ജീവിച്ചിരിക്കുകയും നിങ്ങൾ എല്ലാവരോടുംകൂടെ തുടരുകയും ചെയ്യും എന്ന് ഞാൻ അറിയുന്നു, |
| എബ്രാ. 10:29 | ദൈവപുത്രനെ ചവിട്ടിമെതിക്കുകയും, തന്നെ വിശുദ്ധീകരിച്ച ഉടമ്പടിയുടെ രക്തത്തെ പൊതുവായത് എന്ന് കരുതുകയും, കൃപയുടെ ആത്മാവിനെ അപമാനിക്കുകയും ചെയ്തവനെ എത്ര ദുഷ്കരമായ ശിക്ഷക്കു യോഗ്യനായി കരുതും എന്ന് നിങ്ങൾക്കു തോന്നുന്നു? |
| 1 യോഹ. 5:16 | ആരെങ്കിലും തന്റെ സഹോദരൻ മരണത്തിനല്ലാത്ത പാപം ചെയ്യുന്നതായി കാണുന്നു എങ്കിൽ, അവൻ ചോദിക്കേണം, അവൻ അവന് ജീവൻ നൽകുകയും ചെയ്യും, മരണത്തിനല്ലാത്ത പാപം ചെയ്യുന്നവർക്കു തന്നെ. മരണത്തിനുള്ള പാപം ഉണ്ട്; അവൻ അതിനെക്കുറിച്ച് അപേക്ഷിക്കണം എന്നു ഞാൻ പറയുന്നില്ല. |

## III. കർത്താവിൽനിന്ന് ഒരു ഭാരത്തോടെ നാം വചനം ശുശ്രൂഷിക്കണം:

A. ദൈവത്തിൽനിന്ന് ഭാരങ്ങൾ സ്വീകരിക്കുന്നതിനുള്ള നിബന്ധന ദൈവത്തോട് ഒരു തുറന്ന ആത്മാവുണ്ടായിരിക്കുന്നതാണ്; കർത്താവുമായുള്ള നമ്മുടെ ഉറ്റ കൂട്ടായ്മയിൽ പ്രാർഥനയിലൂടെ ഭാരങ്ങൾ സ്വീകരിക്കുവാനും ഭാരങ്ങൾ വിടുവിക്കുവാനും നാം പഠിക്കണം—ലൂക്കൊ. 1:53; സങ്കീ. 27:4; യെശ. 59:16; കൊലൊ. 4:2:

| | |
|---|---|
| ലൂക്കൊ. 1:53 | വിശക്കുന്നവരെ അവൻ നന്മകൾകൊണ്ടു നിറച്ചും, സമ്പന്നരെ അവൻ ശൂന്യമായി അയച്ചുമിരിക്കുന്നു |
| സങ്കീ. 27:4 | ഞാൻ യഹോവയോടു ഒരു കാര്യം അപേക്ഷിച്ചു; അതു തന്നേ ഞാൻ ആഗ്രഹിക്കുന്നു; യഹോവയുടെ മനോഹരത്വം കാണ്മാനും അവന്റെ മന്ദിരത്തിൽ ധ്യാനിപ്പാനും എന്റെ ആയുഷ്കാലമൊക്കെയും ഞാൻ യഹോവയുടെ ആലയത്തിൽ പാർക്കേണ്ടതിന്നു തന്നേ. |
| യെശ. 59:16 | ആരും ഇല്ലെന്നു അവൻ കണ്ടു പക്ഷവാദം ചെയ്‌വാൻ ആരും ഇല്ലായ്കയാൽ ആശ്ചര്യപ്പെട്ടു; അതുകൊണ്ടു അവന്റെ ഭുജം തന്നേ അവന്നു രക്ഷവരുത്തി, അവന്റെ നീതി അവനെ താങ്ങി. |
| കൊലൊ. 4:2 | പ്രാർഥനയിൽ ഉറ്റിരിക്കുവിൻ, സ്തോത്രത്തോടെ അതിൽ ജാഗരിക്കുവിൻ, |

1. പ്രാർഥനയും വേലയും അവിഭാജ്യമാണ്; പ്രാർഥനയില്ലാതെ വേലയില്ല—യിരെ. 33:2-3; യെശ. 62:6-7; പ്രവൃ. 6:4.

| | |
|---|---|
| യിരെ. 33:2 | അതിനെ അനുഷ്ഠിക്കുന്ന യഹോവ, അതിനെ നിവർത്തിപ്പാൻ നിർണ്ണയിക്കുന്ന യഹോവ, യഹോവ എന്നു നാമം ഉള്ളവൻ തന്നേ, ഇപ്രകാരം അരുളിച്ചെയ്യുന്നു; |
| യിരെ. 33:3 | എന്നെ വിളിച്ചപേക്ഷിക്ക; ഞാൻ നിനക്കുത്തരം |

| | |
|---|---|
| | അരുളം; നീ അറിയാത്ത മഹത്തായും അഗോചരമായും ഉള്ള കാര്യങ്ങളെ ഞാൻ നിന്നെ അറിയിക്കും. |
| യെശ. 62:6 | യെരൂശലേമേ, ഞാൻ നിന്റെ മതിലുകളിന്മേൽ കാവൽക്കാരെ ആക്കിയിരിക്കുന്നു; അവർ രാവോ പകലോ ഒരിക്കലും മിണ്ടാതെയിരിക്കയില്ല; യഹോവയെ ഓർപ്പിക്കുന്നവരേ, നിങ്ങൾ സ്വസ്ഥമായിരിക്കരുതു. |
| യെശ. 62:7 | അവൻ യെരൂശലേമിനെ യഥാസ്ഥാനപ്പെടുത്തുവോളവും ഭൂമിയിൽ അതിനെ പ്രശംസാവിഷയമാക്കുവോളവും അവന്നു സ്വസ്ഥത കൊടുക്കയുമരുതു. |
| പ്രവൃ. 6:4 | എന്നാൽ ഞങ്ങൾ പ്രാർഥനയിലും വചന ശുശ്രൂഷയിലും ദൃഢചിത്തരായി തുടരും. |

2. ദൈവം നമുക്ക് ഒരു പ്രാർഥനാ ഭാരം നൽകിയാൽ, അത് ഉച്ചരിക്കണമെന്ന് അവൻ ആഗ്രഹിക്കുന്നു; ഉച്ചാരണത്തിലൂടെ മാത്രമേ ഭാരങ്ങൾ വിടുവിക്കപ്പെടുന്നുള്ളൂ—മർക്കൊ. 7:29; എബ്രാ. 5:7.

| | |
|---|---|
| മർക്കൊ. 7:29 | അവൻ അവളോട്, ഈ വാക്കുനിമിത്തം നീ പോകുക. ഭൂതം നിന്റെ മകളിൽനിന്നു പുറത്തുപോയിരിക്കുന്നു എന്നു പറഞ്ഞു. |
| എബ്രാ. 5:7 | ഇവൻ, തന്റെ ജഡത്തിലെ നാളുകളിൽ, തന്നെ മരണത്തിൽ നിന്ന് രക്ഷിക്കുവാൻ കഴിവുള്ളവനോട് ഉറച്ച നിലവിളിയോടും കണ്ണുനീരോടുംകൂടെ യാചനകളും അപേക്ഷകളും അർപ്പിക്കുകയും തന്റെ ഭക്തി നിമിത്തം കേൾക്കപ്പെടുവാൻ ഇടയാകുകയും ചെയ്തു, |

3. നമ്മുടെ വീടുകളിൽ ഉച്ചത്തിൽ പ്രാർഥിക്കുവാൻ കഴിയുന്നില്ലെങ്കിൽ, കർത്താവ് ചെയ്തതുപോലെ നമ്മുടെ ഭാരം ഉച്ചരിക്കുവാൻ കഴിയുന്ന ഒരു സ്ഥലം നമുക്ക് കണ്ടെത്താം; ചെറിയ ശബ്ദത്തിലാണെങ്കിൽകൂടി നാം കേൾക്കാവുന്ന വിധത്തിൽ പ്രാർഥിക്കണം; നമ്മുടെ ഭാരങ്ങൾ സ്പഷ്ടമായി ഉച്ചരിക്കപ്പെടണമെന്ന് ദൈവം ആഗ്രഹിക്കുന്നു—മർക്കൊ. 1:35; ലൂക്കൊ. 6:12; സങ്കീ. 4:1; 5:1-3; 77:1; 102:1; 116:1; 142:1; ഉത്ത. 2:14.

| | |
|---|---|
| മർക്കൊ. 1:35 | പിന്നെ അതിരാവിലെ, രാത്രി ആയിരുന്നപ്പോൾ തന്നെ, അവൻ എഴുന്നേറ്റ് പുറത്തേക്ക്, ഒരു വിജനസ്ഥലത്തേക്കു പോയി, അവിടെ പ്രാർഥിച്ചു. |
| ലൂക്കൊ. 6:12 | ഈ നാളുകളിൽ അവൻ പ്രാർഥിക്കുവാനായി മലയിലേക്കു പോയി, രാത്രി മുഴുവൻ ദൈവത്തോടു പ്രാർഥനയിൽ ചെലവഴിച്ചു. |
| സങ്കീ. 4:1 | സംഗീതപ്രമാണിക്കു തന്ത്രി നാദത്തോടെ; ദാവീദിന്റെ ഒരു സങ്കീർത്തനം. എന്റെ നീതിയായ ദൈവമേ, ഞാൻ വിളിക്കുമ്പോൾ ഉത്തരമരുളേണമേ; ഞാൻ ഞെരുക്കത്തിൽ ഇരുന്നപ്പോൾ നീ എനിക്കു വിശാലത വരുത്തി; എന്നോടു കൃപതോന്നി എന്റെ പ്രാർത്ഥന |

കേൾക്കേണമേ.

സങ്കീ. 5:1 — സംഗീതപ്രമാണിക്കു വേണുനാദത്തോടെ; ദാവീദിന്റെ ഒരു സങ്കീർത്തനം. യഹോവേ, എന്റെ വാക്കുകൾക്കു ചെവി തരേണമേ; എന്റെ ധ്യാനത്തെ ശ്രദ്ധിക്കേണമേ;

സങ്കീ. 5:2 — എന്റെ രാജാവും എന്റെ ദൈവവുമായുള്ളോവേ, എന്റെ സങ്കടയാചന കേൾക്കേണമേ; നിന്നോടല്ലോ ഞാൻ പ്രാർത്ഥിക്കുന്നതു.

സങ്കീ. 5:3 — യഹോവേ, രാവിലെ എന്റെ പ്രാർത്ഥന കേൾക്കേണമേ; രാവിലെ ഞാൻ നിനക്കായി ഒരുക്കി കാത്തിരിക്കുന്നു.

സങ്കീ. 77:1 — സംഗീതപ്രമാണിക്കു; യെദൂഥൂന്യരാഗത്തിൽ; ആസാഫിന്റെ ഒരു സങ്കീർത്തനം. ഞാൻ എന്റെ ശബ്ദം ഉയർത്തി ദൈവത്തോടു, എന്റെ ശബ്ദം ഉയർത്തി ദൈവത്തോടു തന്നേ നിലവിളിക്കും; അവൻ എനിക്കു ചെവിതരും.

സങ്കീ. 102:1 — അരിഷ്ടന്റെ പ്രാർത്ഥന; അവൻ ക്ഷീണിച്ചു യഹോവയുടെ മുമ്പാകെ തന്റെ സങ്കടത്തെ പകരുമ്പോൾ കഴിച്ചതു. യഹോവേ, എന്റെ പ്രാർത്ഥന കേൾക്കേണമേ; എന്റെ നിലവിളി തിരുസന്നിധിയിൽ വരുമാറാകട്ടെ.

സങ്കീ. 116:1 — യഹോവ എന്റെ പ്രാർത്ഥനയും യാചനകളും കേട്ടതുകൊണ്ടു ഞാൻ അവനെ സ്നേഹിക്കുന്നു.

സങ്കീ. 142:1 — ദാവീദിന്റെ ഒരു ധ്യാനം; അവൻ ഗുഹയിൽ ആയിരുന്നപ്പോൾ കഴിച്ച പ്രാർത്ഥന. ഞാൻ യഹോവയോടു ഉറക്കെ നിലവിളിക്കുന്നു; ഞാൻ ഉച്ചത്തിൽ യഹോവയോടു യാചിക്കുന്നു.

ഉത്ത. 2:14 — പാറയുടെ പിളർപ്പിലും കടുന്തൂക്കിന്റെ മറവിലും ഇരിക്കുന്ന എന്റെ പ്രാവേ, ഞാൻ നിന്റെ മുഖം ഒന്നു കാണട്ടെ; നിന്റെ സ്വരം ഒന്നു കേൾക്കട്ടെ; നിന്റെ സ്വരം ഇമ്പമുള്ളതും മുഖം സൗന്ദര്യമുള്ളതും ആകുന്നു.

B. പ്രവാചകന്മാർക്ക് ലഭിച്ച വെളിപാടുകൾ അവർക്ക് ലഭിച്ച ഭാരങ്ങളായിരുന്നു; ഭാരമില്ലെങ്കിൽ സഭയുടെ കെട്ടുപണിക്കുവേണ്ടി വചനത്തിന്റെ ശുശ്രൂഷയില്ല, പ്രവചനവുമില്ല—യെശ. 1:1; 2:1; 13:1; 15:1; സെഖ. 12:1; മലാ. 1:1; പ്രവൃ. 6:4; 1 കൊരി. 14:4:

യെശ. 1:1 — ആമോസിന്റെ മകനായ യെശയ്യാവു യെഹൂദാരാജാക്കന്മാരായ ഉസ്സീയാവു, യോഥാം, ആഹാസ്, യെഹിസ്കീയാവു എന്നിവരുടെ കാലത്തു യെഹൂദയെയും യെരൂശലേമിനെയും പറ്റി ദർശിച്ച ദർശനം.

യെശ. 2:1 — ആമോസിന്റെ മകനായ യെശയ്യാവു യെഹൂദയെയും യെരൂശലേമിനെയും പറ്റി ദർശിച്ച വചനം.

യെശ. 13:1 — ആമോസിന്റെ മകനായ യെശയ്യാവു ബാബേലിനെക്കുറിച്ചു ദർശിച്ച പ്രവാചകം:

യെശ. 15:1 — മോവാബിനെക്കുറിച്ചുള്ള പ്രവാചകം: ഒരു രാത്രിയിൽ മോവാബിലെ ആർപട്ടണം നശിച്ചു

ശൂന്യമായിപ്പോയിരിക്കുന്നു; ഒരു രാത്രിയിൽ മോവാബിലെ കീർപട്ടണം നശിച്ചു ശൂന്യമായിപ്പോയിരിക്കുന്നു.

സെഖ. 12:1 പ്രവാചകം, യിസ്രായേലിനെക്കുറിച്ചുള്ള യഹോവയുടെ അരുളപ്പാടു; ആകാശം വിരിക്കയും ഭൂമിയുടെ അടിസ്ഥാനം ഇടുകയും മനുഷ്യന്റെ ആത്മാവിനെ അവന്റെ ഉള്ളിൽ നിർമ്മിക്കയും ചെയ്തിരിക്കുന്ന യഹോവയുടെ അരുളപ്പാടു.

മലാ. 1:1 പ്രവാചകം; മലാഖി മുഖാന്തരം യിസ്രായേലിനോടുള്ള യഹോവയുടെ അരുളപ്പാടു.

പ്രവൃ. 6:4 എന്നാൽ ഞങ്ങൾ പ്രാർഥനയിലും വചന ശുശ്രൂഷയിലും ദൃഢചിത്തരായി തുടരും.

1 കൊരി. 14:4 അന്യഭാഷയിൽ സംസാരിക്കുന്നവൻ തനിക്കുതാൻ കെട്ടുപണി ചെയ്യുന്നു, എന്നാൽ പ്രവചിക്കുന്നവൻ സഭയെ കെട്ടുപണി ചെയ്യുന്നു.

1. നമ്മുടെ ഭാരം ദൈവത്തിന്റെ വെളിപാട് മനുഷ്യന് വിടുവിക്കുക എന്നതാണ്, ദൈവം നമുക്ക് നൽകുന്ന വെളിപാടിന്റെ വചനത്തിലൂടെയാണ് ദൈവത്തിന്റെ വെളിപാട് വിടുവിക്കപ്പെടുന്നത്—2:11-16.

1 കൊരി. 2:11 മനുഷ്യന്റെ കാര്യങ്ങൾ അവനിലുള്ള മനുഷ്യാത്മാവല്ലാതെ മനുഷ്യരുടെ ഇടയിൽ ആർ അറിയുന്നു? അങ്ങനെതന്നെ, ദൈവത്തിന്റെ കാര്യങ്ങളെയും ദൈവാത്മാവല്ലാതെ ആരും അറിഞ്ഞിട്ടില്ല.

1 കൊരി. 2:12 എന്നാൽ ദൈവം നമുക്ക് കൃപാപൂർവം നൽകിയിരിക്കുന്ന കാര്യങ്ങൾ അറിയേണ്ടതിന്, ലോകത്തിന്റെ ആത്മാവിനെയല്ല ദൈവത്തിൽനിന്നുള്ള ആത്മാവിനെയത്രേ നാം സ്വീകരിച്ചത്;

1 കൊരി. 2:13 ആത്മിക കാര്യങ്ങളെ ആത്മിക വചനങ്ങളാൽ വ്യാഖ്യാനിച്ചു കൊണ്ട്, മാനുഷിക ജ്ഞാനം പഠിപ്പിച്ച വചനങ്ങളിൽ അല്ല ആത്മാവ് പഠിപ്പിച്ച വചനങ്ങളിലത്രേ ഇവയെ ഞങ്ങൾ സംസാരിക്കുന്നത്.

1 കൊരി. 2:14 എന്നാൽ പ്രാകൃത മനുഷ്യൻ ദൈവാത്മാവിന്റെ കാര്യങ്ങൾ സ്വീകരിക്കുന്നില്ല, എന്തെന്നാൽ അവ അവന് മൂഢത്തം ആകുന്നു, അവ ആത്മികമായി വിവേചിക്കപ്പെടുന്നതിനാൽ അവയെ അറിയുവാൻ അവന് കഴിയുന്നതുമില്ല.

1 കൊരി. 2:15 എന്നാൽ ആത്മികൻ സകല കാര്യങ്ങളെയും വിവേചിക്കുന്നു, അവൻ ആരാലും വിവേചിക്കപ്പെടുന്നില്ല.

1 കൊരി. 2:16 ആർ കർത്താവിന്റെ മനസ്സറിഞ്ഞ് അവനെ നിർദേശിക്കും? എന്നാൽ നമുക്ക് ക്രിസ്തുവിന്റെ മനസ്സുണ്ട്.

2. നാം ദൈവവചനം ശുശ്രൂഷിക്കുമ്പോൾ, നമ്മുടെ വിചാരം നമുക്ക് സംസാരക്കുവാനുള്ള വിഷയത്തെക്കുറിച്ചായിരിക്കരുത്, നമുക്ക് ദൈവത്തിന്റെ സംസാരം ഉണ്ടോ എന്നതിനായിരിക്കണം; ദൈവത്തിന്റെ സംസാരം ഉണ്ടായിരിക്കണമെങ്കിൽ, വചനം ശുശ്രൂഷിക്കുന്നവന് ഒരു ഭാരം ഉണ്ടായിരിക്കണം—മലാ. 2:7.

| | |
|---|---|
| മലാ. 2:7 | പുരോഹിതൻ സൈന്യങ്ങളുടെ യഹോവയുടെ ദൂതനാകയാൽ അവന്റെ അധരങ്ങൾ പരിജ്ഞാനം സൂക്ഷിച്ചുവെക്കേണ്ടതും ഉപദേശം അവനോടു ചോദിച്ചു പഠിക്കേണ്ടതും അല്ലോ. |

3. വചനം ശുശ്രൂഷിക്കുന്നവർ ദൈവമുമ്പാകെ ആളുകളുടെ അവസ്ഥയെ വഹിക്കുകയും, അവരുടെ അവസ്ഥയെ മനസ്സിലാക്കുകയും, ദൈവം എന്താണ് പറയാൻ ആഗ്രഹിക്കുന്നതെന്ന് അറിയുകയും വേണം—പുറ. 28:29-30.

| | |
|---|---|
| പുറ. 28:29 | അങ്ങനെ അഹരോൻ വിശുദ്ധമന്ദിരത്തിൽ കടക്കുമ്പോൾ ന്യായവിധിപ്പതക്കത്തിൽ യിസ്രായേൽമക്കളുടെ പേർ എപ്പോഴും യഹോവയുടെ മുമ്പാകെ ഓർമ്മെക്കായിട്ടു തന്റെ ഹൃദയത്തിന്മേൽ വഹിക്കേണം. |
| പുറ. 28:30 | ന്യായവിധിപ്പതക്കത്തിന്നകത്തു ഊറീമും തുമ്മീമും (വെളിപ്പാടും സത്യവും) വെക്കേണം; അഹരോൻ യഹോവയുടെ സന്നിധാനത്തിങ്കൽ കടക്കുമ്പോൾ അവന്റെ ഹൃദയത്തിന്മേൽ ഇരിക്കേണം; അഹരോൻ യിസ്രായേൽമക്കൾക്കുള്ള ന്യായവിധി എപ്പോഴും യഹോവയുടെ മുമ്പാകെ തന്റെ ഹൃദയത്തിന്മേൽ വഹിക്കേണം. |

C. സഭയുടെ ഭരണനിർവഹണത്തിലും വചന ശുശ്രൂഷയിലും ഏറ്റവും വലിയ പ്രശ്നം കർത്താവിൽനിന്നുള്ള ഒരു ഭാരം ഇല്ലാത്തതാണ്:

1. ഒരു ഭാരമില്ലാതെ നമ്മുടെ എല്ലാ പ്രവർത്തനങ്ങളും നിർജീവമായിരിക്കുകയും ഫലപ്രദമല്ലാതിരിക്കുകയും ചെയ്യും; ഒരു ഭാരമുണ്ടെങ്കിൽ, നാം ജീവനുള്ളവരായിരിക്കുകയും അഭിവൃദ്ധിപ്രാപിക്കുകയും ചെയ്യും.
2. ഒരു ഭാരം ഉണ്ടായിരിക്കുന്നത് ഏറ്റവും അധികമായി നമ്മോട് ഇടപെടും; ഒരു ഭാരം ഉണ്ടെങ്കിൽ, സ്വയം കുറയുകയും ഇടപെടൽപ്രാപിക്കുകയും ചെയ്യും, കാരണം നമ്മുടെ ഭാരം നമ്മെ ചെയ്യുവാൻ അനുവദിക്കാത്ത കാര്യങ്ങളുണ്ട്, കൂടാതെ നമ്മുടെ ഭാരം വിടുവിക്കുവാൻ കഴിയുന്നതിനുമുമ്പായി നാം ഇടപെടൽപ്രാപിക്കേണ്ട മേഖലകളുമുണ്ട്.
3. ഒരു ഭാരത്തോടെ സേവിക്കുന്നതിനു പകരം ബാധ്യതയ്ക്കനുസൃതമായി സേവിച്ചാൽ, അത്തരം സേവനം നമുക്ക് കർത്താവിന്റെ സാന്നിധ്യം നഷ്ടമാകുവാൻ കാരണമാകും—പ്ര.നി. മലാ. 3:14; ആവ. 4:25.

| | |
|---|---|
| മലാ. 3:14 | യഹോവെക്കു ശുശ്രൂഷ ചെയ്യുന്നതു വ്യർത്ഥം; ഞങ്ങൾ |

അവന്റെ കാര്യം നോക്കുന്നതിനാലും സൈന്യങ്ങളുടെ യഹോവയുടെ മുമ്പാകെ കറുപ്പുടുത്തു നടന്നതിനാലും എന്തു പ്രയോജനമുള്ളു?

ആവ. 4:25 നീ മക്കളെയും മക്കളുടെ മക്കളെയും ജനിപ്പിച്ചു ദേശത്തു ഏറെക്കാലം പാർത്തു വഷളായിത്തീർന്നിട്ടു വല്ലതിന്റെയും സാദൃശ്യമായ വിഗ്രഹം ഉണ്ടാക്കി നിന്റെ ദൈവമായ യഹോവെക്കു അനിഷ്ടമായുള്ളതു ചെയ്തു അവനെ കോപിപ്പിച്ചാൽ;

4. നമ്മുടെ സേവനം ഒരു ബാധ്യത നിറവേറ്റുന്നതിന്റെ കാര്യമാകുമ്പോഴെല്ലാം, നമ്മുടെ സേവനം അധഃപതിച്ചുകഴിഞ്ഞു.

## IV. **നാം** ഒരുമനസ്സോടെ **അന്യോന്യം ഏകോപിക്കണം—പ്രവൃ. 1:14; 2:46:**

പ്രവൃ. 1:14 ഇവർ എല്ലാവരും, സ്ത്രീകളോടും യേശുവിന്റെ അമ്മ മറിയയോടും, അവന്റെ സഹോദരന്മാരോടും കൂടെ, ഒരുമനസ്സോടെ ദൃഢചിത്തരായി പ്രാർഥനയിൽ തുടർന്നു.

പ്രവൃ. 2:46 അവർ ദിനംപ്രതി ഒരുമനസ്സോടെ ദൃഢചിത്തരായി ദൈവാലയത്തിൽ തുടർന്നും, ഭവനംതോറും അപ്പം നുറുക്കിയും, ഉല്ലാസത്തോടും ഹൃദയലാളിത്യത്തോടുംകൂടെ തങ്ങളുടെ ഭക്ഷണത്തിൽ പങ്കുകൊള്ളുകയും,

A. നാം ശരീരം കാണുന്നു എന്നതിനുള്ള ഏറ്റവും വലിയ സൂചന നമുക്ക് സ്വതന്ത്രരായിരിക്കുവാൻ കഴിയുകയില്ല എന്നാണ്; 1 കൊരിന്ത്യർ 1:1-ൽ സോസ്ഥനേസിനെക്കുറിച്ചുള്ള പൗലൊസിന്റെ പരാമർശം, അവന് ശരീരബോധവും ഏകോപനത്തിന്റെ ആത്മാവും ഉണ്ടായിരുന്നുവെന്ന് കാണിക്കുന്നു.

1 കൊരി. 1:1 ദൈവഹിതത്താൽ യേശു ക്രിസ്തുവിന്റെ വിളിക്കപ്പെട്ട അപ്പൊസ്തലനായ പൗലൊസും, സഹോദരനായ സോസ്ഥനേസും,

B. ശരീരത്തിലുള്ള നമ്മുടെ ഏകോപനത്തിനുവേണ്ടി നമുക്ക് മറ്റുള്ളവരെ ആവശ്യമാണെന്നും മറ്റുള്ളവർക്ക് നമ്മെ ആവശ്യമാണെന്നും ഉള്ള ബോധം നമുക്കില്ലാത്തതിനാൽ, ഒരു പഠിതാവിന്റെ ആത്മാവും തനിക്ക് സഹായം ആവശ്യമാണെന്നതിന്റെ ആത്മാവും നമ്മിൽ ചുരുക്കം പേർക്കേ ഉള്ളൂ—മത്താ. 5:3:

മത്താ. 5:3 ആത്മാവിൽ ദരിദ്രരായവർ അനുഗൃഹീതർ, സ്വർഗരാജ്യം അവരുടേതാകുന്നു.

1. ഏകോപനം എന്നാൽ മറ്റൊരുവൻ ഇല്ലാതെ നമുക്ക് ഒന്നും ചെയ്യാൻ കഴിയില്ല എന്നാണ് അർഥമാക്കുന്നത്.
2. നമുക്ക് മറ്റൊരുവനെ ആവശ്യമില്ലെന്നും കൂട്ടായ്മയുടെ ആവശ്യമില്ലെന്നും തോന്നുന്നത് നിഗളത്തിന്റെ ഏറ്റവും വലിയ രൂപമാണ്; അത് കർത്താവിനും ശരീരത്തിനും എതിരെയുള്ള ഏറ്റവും അരോചകമായ കാര്യമാണ്.
3. മറ്റുള്ളവരുമായി നമുക്ക് ഏകോപനത്തിന്റെ അഭാവം ഉണ്ടെങ്കിൽ, അവർ ചെയ്യുന്നതിനെ നാം എപ്പോഴും വിമർശിക്കും.

C. ദൈവത്തിന്റെ അനുഗ്രഹം നമ്മുടെ ഒരു മനസ്സിനെയും, അന്യോന്യം ആത്മാവിൽ സ്വരചേർച്ചയിൽ ആയിരിക്കുന്നതിനെയും, യഥാർഥ ഏകോപനം ഉണ്ടയിരിക്കുന്നതിനെയും, യഥാർഥ ഒരുമഉണ്ടയിരിക്കുന്നതിനെയും ആശ്രയിച്ചിരിക്കുന്നു—പ്രവൃ. 1:14:

പ്രവൃ. 1:14 ഇവർ എല്ലാവരും, സ്ത്രീകളോടും യേശുവിന്റെ അമ്മ മറിയയോടും, അവന്റെ സഹോദരന്മാരോടും കൂടെ, ഒരുമനസ്സോടെ ദൃഢചിത്തരായി പ്രാർഥനയിൽ തുടർന്നു.

1. നാം വചനം ശുശ്രൂഷിക്കുമ്പോഴും, കൂട്ടായ്മ ആചരിക്കുമ്പോഴും, പ്രാർഥിക്കുമ്പോഴും, മറ്റുള്ളവരെ വിമർശിക്കരുത്; പ്രത്യേകിച്ച്, മറ്റുള്ളവരോടൊപ്പം പ്രാർഥിക്കുമ്പോൾ, നാം പരസ്പരവിരുദ്ധമായ രീതിയിൽ പ്രാർഥിക്കുന്നത് ഒഴിവാക്കണം.
2. വചന ശുശ്രൂഷയിൽ മറ്റുള്ളവരെ വിമർശിക്കുന്നത് നാം തീർത്തും ഒഴിവാക്കണം; മറ്റുള്ളവരെ വിമർശിക്കുന്നത് നാം ഇടുങ്ങിയവരാണെന്ന് കാണിക്കുന്നു, ഇത് ഭിന്നതയിലേക്ക് നയിക്കും.
3. മറ്റുള്ളവരോട് നമുക്ക് എപ്പോഴും ബഹുമാനത്തിന്റെയും സഹകരണത്തിന്റെയും ഏകോപനത്തിന്റെയും മനോഭാവം ഉണ്ടായിരിക്കണം; നമ്മുടെ പങ്കിനനുസൃതമായി നാം മറ്റുള്ളവരെ സേവിക്കുകയും മറ്റുള്ളവരുടെ പങ്കിനെ ബഹുമാനിക്കുകയും വേണം, കാരണം രണ്ട് പങ്കുകളും കർത്താവ് നമുക്ക് ഭരമേൽപ്പിച്ചതാകുന്നു; തന്റെ പങ്കിനെ മറ്റൊരുവന്റെ പങ്കിനെക്കാൾ ഉന്നതമായി കണക്കാക്കാതിരിക്കാനുള്ള താഴ്മ ഓരോരുത്തർക്കും ഉണ്ടായിരിക്കണം—ഫിലി. 2:3-4.

   ഫിലി. 2:3 സ്വാർഥമോഹത്താലോ വ്യർഥമഹത്വത്താലോ ഒന്നും ചെയ്യാതെ, തങ്ങളെക്കാൾ മറ്റുള്ളവർ അധികം ശ്രേഷ്ഠർ എന്ന് മനസ്സിന്റെ താഴ്മയിൽ അന്യോന്യം കരുതിക്കൊണ്ട്,

   ഫിലി. 2:4 ഓരോരുത്തനും തന്റെ സ്വന്തം നന്മകളല്ല, മറ്റുള്ളവരുടെ നന്മകളും നോക്കിക്കൊണ്ട് എന്റെ സന്തോഷം പൂർണമാക്കുവിൻ.

4. തകർക്കപ്പെടുന്നതിന്റെയം, മറ്റുള്ളവരെ ഉൾക്കൊള്ളുന്നതിന്റെയും, മറ്റുള്ളവരുടെ പ്രവർത്തനത്തെ ബഹുമാനിക്കുന്നതിന്റെയും പാഠങ്ങൾ സഹോദരന്മാർ പഠിക്കേണ്ടതുണ്ട്; ഈ വിധത്തിൽ മാത്രമേ നമുക്ക് ശരീരബോധം കാത്തുസൂക്ഷിക്കുവാനും നമ്മുടെ ഇടയിൽ കെട്ടുപണി ഉളവാക്കുവാനും കഴിയുകയുള്ളൂ.
5. ഒരു ദൂത് സംസാരിക്കുന്നവനുവേണ്ടി പ്രാർഥിക്കുവാനും, സഹായം നൽകുവാനും, പിന്തുണയ്ക്കുവാനും നാമെല്ലാവരും ഏക ദേഹിയുള്ളവരായിരിക്കണം; കർത്താവിനെ സേവിക്കുന്നവർ ഒരു മനസ്സുള്ളവരായിരിക്കുന്നതിനുപകരം നിരന്തരം

വിയോജിക്കുന്നവരാണെങ്കിൽ, ശത്രുവും, വിശുദ്ധന്മാരും, കുട്ടികളും പോലും അത് അറിയും.

6. നമ്മുടെ സംസാരം മറ്റുള്ളവരുടെ സംസാരത്തെക്കാൾ ഉന്നതമാണെന്ന ധാരണ നാം വിശുദ്ധന്മാർക്ക് നൽകരുത്; അതിനുപകരം, നമ്മുടെ സംസാരം മറ്റുള്ളവരുടെ സംസാരവുമായി സ്വരചേർച്ചയിലാണെന്ന ധാരണ വിശുദ്ധന്മാർക്ക് ഉണ്ടായിരിക്കണം.
7. ഒരു സഹോദരൻ സംസാരിക്കുമ്പോൾ, ചിലർ വിമർശനാത്മകമായി ഹൃദയത്തിൽ ഇങ്ങനെ പറഞ്ഞേക്കാം, "എനിക്ക് ഇത് നേരത്തെ അറിയാം"; ഇത്തരത്തിലുള്ള ആത്മാവ് ദൈവത്തിന്റെ വേലയ്ക്ക് വിനാശകരമാണ്.
8. വിശ്വസ്തരായ വിശുദ്ധന്മാർ നമ്മെ നിരീക്ഷിക്കുന്നതിനാൽ, നമ്മെയും കർത്താവിന്റെ പ്രത്യുദ്ധാരത്തെയും കുറിച്ചുള്ള അവരുടെ ഉത്കണ്ഠയെ ഉണർത്തുന്ന യാതൊന്നും ചെയ്യാതിരിക്കുവാനോ പറയാതിരിക്കുവാനോ നാം ശ്രദ്ധിക്കണം—1 കൊരി. 1:10; 2 കൊരി. 12:18; 1 തിമൊ. 4:12; തീത്തൊ. 2:7-8.

| | |
|---|---|
| 1 കൊരി. 1:10 | സഹോദരന്മാരേ, നിങ്ങൾ എല്ലാവരും ഒരേ കാര്യം സംസാരിക്കുകയും നിങ്ങളുടെ ഇടയിൽ വിഭാഗങ്ങൾ ഇല്ലാതെ, ഒരേ മനസ്സിലും ഒരേ അഭിപ്രായത്തിലും പൊരുത്തപ്പെടണം എന്ന് നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ നാമം മുഖാന്തരം ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു. |
| 2 കൊരി. 12:18 | ഞാൻ തീത്തൊസിനോട് അപേക്ഷിക്കുകയും അവനോടുകൂടെ ആ സഹോദരനെ അയയ്ക്കുകയും ചെയ്തു. തീത്തൊസ് നിങ്ങളെ മുതലെടുത്തിട്ടുണ്ടോ? ഞങ്ങൾ നടന്നത് ഒരേ ആത്മാവിൽ അല്ലയോ? ഒരേ കാൽച്ചുവടുകളിൽ അല്ലയോ? |
| 1 തിമൊ. 4:12 | ആരും നിന്റെ യൗവനത്തെ നിന്ദിക്കാതിരിക്കട്ടെ, വാക്കിലും നടപ്പിലും സ്നേഹത്തിലും വിശ്വാസത്തിലും നിർമലതയിലും വിശ്വാസികൾക്ക് ഒരു മാതൃക ആയിരിക്കുക. |
| തീത്തൊ. 2:7 | എതിർക്കുന്നവൻ നമ്മെക്കുറിച്ച് തിന്മ ഒന്നും പറയുവാനില്ലാതെ ലജ്ജിക്കേണ്ടതിനു, നിന്റെ ഉപദേശത്തിൽ അദ്രവത്വവും, ഘനവും, |
| തീത്തൊ. 2:8 | കുറ്റം വിധിക്കപ്പെടുവാൻ കഴിയാത്ത ആരോഗ്യകരമായ സംസാരവും കാണിച്ചുകൊണ്ട്, സകല കാര്യങ്ങളെയും സംബന്ധിച്ച് സൽപ്രവൃത്തികൾക്ക് മാതൃകയായി നിന്നെത്തന്നെ നൽകുക. |

9. നിഗളം നാശത്തെ ക്ഷണിച്ചുവരുത്തുന്നു, എന്നാൽ താഴ്മ അനുഗ്രഹം കൊണ്ടുവരുന്നു—സദൃ. 16:18; 1 പത്രൊ. 5:5.

| | |
|---|---|
| സദൃ. 16:18 | നാശത്തിന്നു മുമ്പെ ഗർവ്വം; വീഴ്ചക്കു മുമ്പെ ഉന്നതഭാവം. |
| 1 പത്രൊ. 5:5 | അങ്ങനെതന്നെ, ഇളയവരേ, മൂപ്പന്മാർക്കു കീഴ്പ്പെട്ടിരിക്കുവിൻ; നിങ്ങൾ എല്ലാവരും അന്യോന്യം |

താഴ്മകൊണ്ട് അരകെട്ടുവിൻ, എന്തുകൊണ്ടെന്നാൽ ദൈവം നിഗളികളെ എതിർക്കുന്നു, എന്നാൽ താഴ്മയുള്ളവർക്ക് കൃപ നൽകുന്നു.

10. സേവിക്കുന്നവരുടെ ഇടയിൽ കെട്ടുപണിയുടെ അഭാവത്തിനുള്ള കാരണം, അവർ അന്യോന്യമുള്ള സ്നേഹത്തിൽ കുറവുള്ളവരാണ് എന്നതാണ്:

a. അന്യോന്യം സ്നേഹിക്കുക എന്നതായിരുന്നു നമ്മോടുള്ള കർത്താവിന്റെ വചനവും അവന്റെ പ്രാർഥനയും—യോഹ. 13:34-35; 15:12, 17.

| | |
|---|---|
| യോഹ. 13:34 | നിങ്ങൾ അന്യോന്യം സ്നേഹിക്കേണം എന്ന് പുതിയൊരു കൽപന ഞാൻ നിങ്ങൾക്കു നൽകുന്നു, ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും അന്യോന്യം സ്നേഹിക്കണം. |
| യോഹ. 13:35 | നിങ്ങൾക്ക് അന്യോന്യം സ്നേഹമുണ്ടെങ്കിൽ, നിങ്ങൾ എന്റെ ശിഷ്യന്മാരാകുന്നു എന്ന് ഇതിനാൽ എല്ലാവരും അറിയും. |
| യോഹ. 15:12 | ഇതാകുന്നു എന്റെ കൽപന, ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങൾ അന്യോന്യം സ്നേഹിക്കുവിൻ. |
| യോഹ. 15:17 | നിങ്ങൾ അന്യോന്യം സ്നേഹിക്കേണ്ടതിന് ഞാൻ ഈ കാര്യങ്ങൾ നിങ്ങളോട് കൽപ്പിക്കുന്നു. |

b. സേവിക്കുന്നവരുടെ ഇടയിൽ അസാധാരണമായ ഒരു സ്നേഹം ഉണ്ടായിരിക്കണം; അന്യോന്യമുള്ള അത്തരം സ്നേഹം കർത്താവുമായുള്ള നമ്മുടെ ഐക്യത്തിൽനിന്നു വരുന്നു.

c. ശരീരജീവിതത്തിന്റെ മാതൃകയായിരിക്കുവാൻ മൂപ്പന്മാരും സഹപ്രവർത്തകരും അന്യോന്യം മേയിക്കുകയും അന്യോന്യം സ്നേഹിക്കുകയും വേണം—21:15-17; 1 പത്രൊ. 1:22.

| | |
|---|---|
| യോഹ. 21:15 | പിന്നെ അവർ പ്രാതൽ കഴിച്ചശേഷം, യേശു ശിമോൻ പത്രൊസിനോട്, യോഹന്നാന്റെ മകനായ ശിമോനേ, ഇവയിൽ അധികമായി നീ എന്നെ സ്നേഹിക്കുന്നുവോ? എന്നു ചോദിച്ചു. അവൻ അവനോട്, ഉവ്വ്, കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു എന്ന് നീ അറിയുന്നുവല്ലോ എന്നു പറഞ്ഞു. എന്റെ കുഞ്ഞാടുകളെ പോഷിപ്പിക്കുക എന്ന് അവൻ അവനോട് പറഞ്ഞു. |
| യോഹ. 21:16 | രണ്ടാമതും അവൻ അവനോട്, യോഹന്നാന്റെ മകനായ ശിമോനേ, നീ എന്നെ സ്നേഹിക്കുന്നുവോ? എന്നു ചോദിച്ചു. അവൻ അവനോട്, ഉവ്വ് കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു എന്ന് നീ അറിയുന്നുവല്ലോ എന്നു പറഞ്ഞു. എന്റെ ആടുകളെ മേയ്ക്കുക എന്ന് അവൻ അവനോട് പറഞ്ഞു. |

യോഹ. 21:17 — മൂന്നാമതും അവൻ അവനോട്, യോഹന്നാന്റെ മകനായ ശിമോനേ, നീ എന്നെ സ്നേഹിക്കുന്നുവോ? എന്നു ചോദിച്ചു. നീ എന്നെ സ്നേഹിക്കുന്നുവോ? എന്നു അവൻ മൂന്നാമതും തന്നോടു ചോദിച്ചതിനാൽ പത്രൊസ് ദുഃഖിതനായി. അവൻ അവനോട്, കർത്താവേ, നിനക്ക് എല്ലാം അറിയാം; ഞാൻ നിന്നെ സ്നേഹിക്കുന്നു എന്ന് നീ അറിയുന്നു എന്നു പറഞ്ഞു. യേശു അവനോട്, എന്റെ ആടുകളെ പോഷിപ്പിക്കുക.

1 പത്രൊ. 1:22 — നിർവ്യാജ സഹോദര സ്നേഹത്തിങ്കൽ സത്യത്തിന്റെ അനുസരണത്താൽ നിങ്ങളുടെ ദേഹികളെ നിങ്ങൾ ശുദ്ധീകരിച്ചിരിക്കുന്നുതിനാൽ, നിർമല ഹൃദയത്തിൽ നിന്ന് തീക്ഷ്ണതയോടെ അന്യോന്യം സ്നേഹിക്കുവിൻ.

D. നമ്മുടെ ആത്മാവിന്റെ വ്യായാമത്തോടും വിടുവിക്കലോടുംകൂടെ ഒരു മനസ്സിൽ പ്രാർഥിച്ചുകൊണ്ട് നാം ഒന്നിച്ചു സമന്വയിക്കേണ്ടതുണ്ട്—മത്താ. 18:19; പ്രവൃ. 1:14; *ഗീതം,* #ML597:

മത്താ. 18:19 — വീണ്ടും, സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഭൂമിയിൽ നിങ്ങളിൽ രണ്ടുപേർ ചോദിക്കുന്ന ഏതു കാര്യത്തെക്കുറിച്ചും സ്വരച്ചേർച്ചയിലാണെങ്കിൽ, സ്വർഗസ്ഥനായ എന്റെ പിതാവിൽനിന്ന് അത് അവർക്കു ചെയ്തിരിക്കും.

പ്രവൃ. 1:14 — ഇവർ എല്ലാവരും, സ്ത്രീകളോടും യേശുവിന്റെ അമ്മ മറിയയോടും, അവന്റെ സഹോദരന്മാരോടും കൂടെ, ഒരുമനസ്സോടെ ദൃഢചിത്തരായി പ്രാർഥനയിൽ തുടർന്നു.

*Hymns,* #ML597

1 എൻ ആത്മാവൊഴുകാൻ
ഓ, ഒഴുകാൻ!
ചോദിക്കുന്നു കർത്താ
ഓ, ഒഴുകാൻ!
എൻ ചരിത്രം വിടാൻ,
മതില് തകരാൻ,
ആത്മാവിന് മുക്തി;
ഓ, ഒഴുകാൻ!

2 എൻ ആത്മാവൊഴുകാൻ
ഓ, ഒഴുകാൻ!
യാചിക്കുന്നു കർത്താ
ഓ, ഒഴുകാൻ!
സ്വ-തൃപ്തി ഇല്ലിനി,
അഹന്ത ഇല്ലിനി,

ആത്മാവെ കെട്ടില്ല;
ഓ, ഒഴുകാൻ!

3 എൻ ആത്മാവൊഴുകാൻ
ഓ, ഒഴുകാൻ!
അപേക്ഷിക്കുന്നു ഞാൻ,
ഓ, ഒഴുകാൻ!
ഇല്ലു-ന്നത ഭാവം
നിഗളിയാകില്ല,
തുടരെ ഒഴുകും,
എൻ ആത്മാവിൽ.

4 എൻ ആത്മാവൊഴുകാൻ
ഓ, ഒഴുകാൻ!
ഇതന്വേ-ഷിപ്പൂ ഞാൻ,
ഓ, ഒഴുകാൻ!
ഒറ്റപ്പെടി-ല്ലിനി,
സ്വയം തികക്കില്ല,
ചുരുങ്ങി-ല്ലാത്മാവ്
ഒഴുകുക.

5 എൻ ആത്മാവൊഴുകാൻ
ഓ, ഒഴുകാൻ!
കൃപാലുവാം കർത്താ,
ഓ, ഒഴുകാൻ!
സ്വയാശ്രയം മാറ്റ,
സ്വയത്തെ നീക്കുക
ജീവജലം ഒഴു-
ക ആത്മാവിൽ.

6 എൻ ആത്മാവൊഴുകാൻ
ഓ, ഒഴുകാൻ!
ഉത്തരം നൽകുക,
ഓ, ഒഴുകാൻ!
നിന്നോടു കൂടെയും,
ഏവരുമായും ചേർ-
ന്ന്, പണിയപ്പെടു-
വാൻ ആത്മാവിൽ.

1. വ്യക്തിപ്രധനമായ രീതിയിലല്ല, ഒരു സംഘാത ശരീരമായി നാം പ്രാർഥിക്കണം.

2. ഒരു വശത്ത്, അടുത്തതായി പ്രാർഥിക്കുന്നയാൾക്ക് നമ്മുടെ പ്രാർഥന തുടരാൻ കഴിയുന്ന വിധത്തിൽ നാം പ്രാർഥിക്കണം; മറുവശത്ത്, നാം മറ്റുള്ളവരുടെ പ്രാർഥനകൾ ശ്രദ്ധിക്കുകയും അവരുടെ പ്രാർഥനകളിലേക്ക് പ്രവേശിക്കുകയും അവരുടെ പ്രാർഥനകളെ പിന്തുടരുകയും വേണം.
3. കർത്താവിനോട് വിശദീകരണത്താൽ നിറഞ്ഞതും കർത്താവിനു വിവരണങ്ങളും നിർദ്ദേശങ്ങളും നൽകുന്നതിനാൽ നിറഞ്ഞതുമായ നീണ്ട പ്രാർഥനകൾക്ക് പകരം, നാം കർത്താവിനോട് അപേക്ഷകളുടെയും യാചനകളുടെയും ഹ്രസ്വമായ പ്രാർഥനകൾ കഴിക്കണം.
4. ഒരു നീണ്ട പ്രാർഥന എപ്പോഴും പ്രാർഥനാ യോഗത്തെ കൊല്ലുന്നു; അത് സൂചിപ്പിക്കുന്നത് നിങ്ങൾ നിങ്ങൾക്കും നിങ്ങളുടെ വികാരങ്ങൾക്കുംവേണ്ടി മാത്രമാണ് കരുതുന്നതെന്നും, നിങ്ങൾ മറ്റുള്ളവർക്കും യോഗത്തിലെ ആത്മാവിന്റെ അന്തരീക്ഷത്തിനും ഒഴുക്കിനുംവേണ്ടി കരുതുന്നില്ലെന്നും ആണ്.

**V. സഭയിൽ അന്യോന്യം ഏകോപനത്തോടെ സേവിക്കുക എന്നാൽ, ദൈവത്തിന്റെ നിത്യവ്യവസ്ഥയുടെ പൂർത്തീകരണത്തിനായി ജീവവൃക്ഷമായും, മറഞ്ഞിരിക്കുന്ന മന്നയായും, വിരുന്നായും ക്രിസ്തുവിനെ ഭക്ഷിക്കുന്നതിലൂടെ ദൈവത്തിന്റെ ഏഴിരട്ടി തീവ്രതപ്രാപിച്ച ആത്മാവിനാൽ സഭയുടെ അധഃപതനത്തെ ജയിക്കുക എന്നാണ്—വെളി. 4:5; 5:6; 2:7, 17; 3:20-21; സെഖ. 4:11-14:**

| | |
|---|---|
| വെളി. 4:5 | സിംഹാസനത്തിൽ നിന്ന് മിന്നലും നാദവും ഇടിമുഴക്കവും പുറപ്പെടുന്നു. സിംഹാസനത്തിനു മുമ്പിൽ ജ്വലിച്ചുകൊണ്ടിരിക്കുന്ന ഏഴു ദീപങ്ങൾ ഉണ്ടായിരുന്നു, അവ ദൈവത്തിന്റെ ഏഴ് ആത്മാക്കൾ ആകുന്നു; |
| വെളി. 5:6 | സിംഹാസനത്തിന്റെയും നാലു ജീവികളുടെയും നടുവിലും മൂപ്പന്മാരുടെ മധ്യത്തിലും ഇപ്പോൾ അറുക്കപ്പെട്ടതുപോലെ ഒരു കുഞ്ഞാട് നിൽക്കുന്നതു ഞാൻ കണ്ടു, അതിന് ഏഴു കൊമ്പുകളും, സർവഭൂമിയിലേക്കും അയച്ചിരിക്കുന്ന ദൈവത്തിന്റെ ഏഴ് ആത്മാക്കളായ, ഏഴു കണ്ണുകളും ഉണ്ട്. |
| വെളി. 2:7 | ആത്മാവ് സഭകളോടു പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ. ജയിക്കുന്നവന് ഞാൻ ദൈവത്തിന്റെ പറുദീസയിലുള്ള ജീവ വൃക്ഷത്തിൽനിന്നു ഭക്ഷിക്കുവാൻ കൊടുക്കും. |
| വെളി. 2:17 | ആത്മാവ് സഭകളോടു പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ. ജയിക്കുന്നവന് ഞാൻ മറഞ്ഞിരിക്കുന്ന മന്ന കൊടുക്കും, ഞാൻ അവനു വെള്ളക്കല്ലും, കല്ലിന്മേൽ എഴുതിയിരിക്കുന്ന പുതിയ പേരും കൊടുക്കും, അത് ലഭിക്കുന്നവനല്ലാതെ ആരും അറിയുന്നില്ല. |
| വെളി. 3:20 | ഇതാ, ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ട് വാതിൽ തുറന്നാൽ, ഞാൻ അവന്റെ അടുക്കൽ അകത്തു വന്ന് അവനോടും അവൻ എന്നോടുംകൂടെ |

അത്താഴം കഴിക്കും.

| | |
|---|---|
| വെളി. 3:21 | ജയിക്കുന്നവന് ഞാൻ എന്നോടുകൂടെ എന്റെ സിംഹാസനത്തിൽ ഇരിക്കുവാൻ നൽകും, ഞാനും ജയിച്ച് എന്റെ പിതാവിനോടുകൂടെ അവന്റെ സിംഹാസനത്തിൽ ഇരുന്നതുപോലെതന്നെ. |
| സെഖ. 4:11 | അതിന്നു ഞാൻ അവനോടു: വിളക്കുതണ്ടിന്നു ഇടത്തുഭാഗത്തും വലത്തുഭാഗത്തും ഉള്ള രണ്ടു ഒലിവു മരം എന്താകുന്നു എന്നു ചോദിച്ചു. |
| സെഖ. 4:12 | ഞാൻ രണ്ടാം പ്രാവശ്യം അവനോടു: പൊന്നുകൊണ്ടുള്ള രണ്ടു നാളത്തിന്നരികെ പൊൻനിറമായ എണ്ണ ഒഴുക്കുന്ന രണ്ടു ഒലിവുകൊമ്പു എന്തു എന്നു ചോദിച്ചു. |
| സെഖ. 4:13 | അവൻ എന്നോടു: ഇതു എന്താകുന്നു എന്നു നീ അറിയുന്നില്ലയോ എന്നു ചോദിച്ചതിന്നു: ഇല്ല, യജമാനനേ, എന്നു ഞാൻ പറഞ്ഞു. |
| സെഖ. 4:14 | അതിന്നു അവൻ: ഇവർ സർവ്വഭൂമിയുടെയും കർത്താവിന്റെ സന്നിധിയിൽ നില്ക്കുന്ന രണ്ടു അഭിഷിക്തന്മാർ എന്നു പറഞ്ഞു. |

A. സഭയിൽ അന്യോന്യം ഏകോപനത്തിൽ സേവിക്കുക എന്നാൽ പരിശുദ്ധാത്മാവിൽ ക്രിസ്തുവിനെ നീതിയായും സമാധാനമായും സന്തോഷമായും ആസ്വദിക്കുന്നതാണ്; "ഇതിൽ ക്രിസ്തുവിനെ സേവിക്കുന്നവൻ ദൈവത്തിന് സുപ്രസാദകരവും മനുഷ്യരാൽ അംഗീകൃതനും ആകുന്നു"—റോമർ 14:17-18.

| | |
|---|---|
| റോമ. 14:17 | എന്തെന്നാൽ ദൈവരാജ്യം ഭക്ഷിക്കുന്നതും പാനം ചെയ്യുന്നതുമല്ല, നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവും അത്രേ. |
| റോമ. 14:18 | ഇതിൽ ക്രിസ്തുവിനെ സേവിക്കുന്നവൻ ദൈവത്തിന് സുപ്രസാദകരവും മനുഷ്യരാൽ അംഗീകൃതനും ആകുന്നു. |

B. സഭയിൽ അന്യോന്യം ഏകോപനത്തിൽ സേവിക്കുക എന്നാൽ ജനത്തെ ദൈവത്തിനൊത്തവണ്ണം മേയിക്കുക എന്നാണ്—1 പത്രൊ. 5:1-6.

| | |
|---|---|
| 1 പത്രൊ. 5:1 | അതുകൊണ്ട് ഒരു കൂട്ടുമൂപ്പനും, ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളുടെ സാക്ഷിയും, വെളിപ്പെടുവാനുള്ള തേജസ്സിന്റെ പങ്കാളിയുമായ ഞാൻ നിങ്ങളുടെ ഇടയിലുള്ള മൂപ്പന്മാരെ പ്രബോധിപ്പിക്കുന്നത്: |
| 1 പത്രൊ. 5:2 | നിങ്ങളുടെ ഇടയിലുള്ള ദൈവത്തിന്റെ ആട്ടിൻകൂട്ടത്തെ മേയ്ക്കുവിൻ, നിർബന്ധത്താലല്ല ദൈവത്തിനൊത്തവണ്ണം മനസ്സോടെയും, നീച മാർഗത്തിലൂടെ നേട്ടം അന്വേഷിച്ചുകൊണ്ടല്ല ഉൽസാഹത്തോടെയും, |
| 1 പത്രൊ. 5:3 | നിങ്ങളുടെ ഓഹരികളുടെ മേൽ കർത്തൃത്വം നടത്തിക്കൊണ്ടല്ല ആട്ടിൻകൂട്ടത്തിന് മാതൃകകളായതീർന്നും, മേൽനോട്ടം വഹിച്ചുകൊണ്ടത്രേ. |
| 1 പത്രൊ. 5:4 | മുഖ്യ ഇടയൻ വെളിവാകുമ്പോൾ, നിങ്ങൾ തേജസ്സിന്റെ |

| | |
|---|---|
| | വാടാത്ത കിരീടം കൈക്കൊള്ളും. |
| 1 പത്രൊ. 5:5 | അങ്ങനെതന്നെ, ഇളയവരേ, മൂപ്പന്മാർക്കു കീഴ്പ്പെട്ടിരിക്കുവിൻ; നിങ്ങൾ എല്ലാവരും അന്യോന്യം താഴ്മകൊണ്ട് അരകെട്ടുവിൻ, എന്തുകൊണ്ടെന്നാൽ ദൈവം നിഗളികളെ എതിർക്കുന്നു, എന്നാൽ താഴ്മയുള്ളവർക്ക് കൃപ നൽകുന്നു. |
| 1 പത്രൊ. 5:6 | അതുകൊണ്ട് അവൻ തക്കസമയത്ത് നിങ്ങളെ ഉയർത്തേണ്ടതിന് ദൈവത്തിന്റെ ബലമുള്ള കൈക്കീഴിൽ, താഴ്ത്തപ്പെട്ടിരിക്കുവിൻ, |

C. സഭയിൽ അന്യോന്യം ഏകോപനത്തിൽ സേവിക്കുക എന്നാൽ ഒരു പ്രസന്നദാതാവായിരിക്കുക എന്നാണ്—2 കൊരി. 9:7; പ്രവൃ. 20:35.

| | |
|---|---|
| 2 കൊരി. 9:7 | ഓരോരുത്തനും തന്റെ ഹൃദയത്തിൽ നിശ്ചയിച്ചിരിക്കുന്നതുപോലെ, ദുഃഖത്താലോ നിർബന്ധത്താലോ അരുത്, പ്രസന്നദാതാവിനെ ദൈവം സ്നേഹിക്കുന്നുവല്ലോ. |
| പ്രവൃ. 20:35 | ഇപ്രകാരം അധ്വാനിച്ചുകൊണ്ട് നാം ബലഹീനരെ സഹായിക്കേണം എന്നും വാങ്ങുന്നതിനെക്കാൾ കൊടുക്കുന്നത് കൂടുതൽ അനുഗൃഹീതം എന്നു കർത്താവായ യേശു തന്നെ പറഞ്ഞ വാക്കുകൾ ഓർക്കുന്നതിനും സകല കാര്യങ്ങളിലും ഞാൻ നിങ്ങൾക്ക് മാതൃകയാൽ കാണിച്ചിരിക്കുന്നു. |

D. സഭയിൽ അന്യോന്യം ഏകോപനത്തിൽ സേവിക്കുക എന്നാൽ ദൈവത്തിന്റെ നിറവായി സഭയെ സംരചിക്കുന്നതിനായി ഒഴുകുന്ന ത്രിയേക ദൈവത്തെ കവിഞ്ഞൊഴുകുന്ന ഒരു പ്രവചന ജീവിതം നയിച്ചുകൊണ്ട് സഭയെ കെട്ടുപണി ചെയ്യുക എന്നാണ്—യോഹ. 4:14; 7:38-39; 1 കൊരി. 14:4, 26; എഫെ. 3:19.

| | |
|---|---|
| യോഹ. 4:14 | എന്നാൽ ഞാൻ അവനു നൽകുവാൻ പോകുന്ന വെള്ളത്തിൽനിന്ന് കുടിക്കുന്ന ഏവനും ഒരുവിധത്തിലും ഒരുനാളും ദാഹിക്കയില്ല; എന്നാൽ ഞാൻ അവനു നൽകുവാൻ പോകുന്ന വെള്ളം അവനിൽ നിത്യജീവനിലേക്ക് പ്രവഹിച്ചുയരുന്ന നീരുറവയായിത്തീരും എന്ന് ഉത്തരം പറഞ്ഞു. |
| യോഹ. 7:38 | തിരുവെഴുത്ത് പറഞ്ഞതുപോലെ, എന്നിലേക്കു വിശ്വസിക്കുന്നവന്റെ ഏറ്റവും ഉള്ളിലെ ആളത്തത്തിൽനിന്ന് ജീവജലനദികൾ ഒഴുകും. |
| യോഹ. 7:39 | എന്നാൽ ഇത് അവൻ തന്നിലേക്കു വിശ്വസിക്കുന്നവർ സ്വീകരിക്കാറായ ആത്മാവിനെക്കുറിച്ചായിരുന്നു പറഞ്ഞത്; യേശു തേജസ്കരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ആത്മാവ് അതുവരെ ഇല്ലായിരുന്നു. |
| 1 കൊരി. 14:4 | അന്യഭാഷയിൽ സംസാരിക്കുന്നവൻ തനിക്കുതാൻ കെട്ടുപണി ചെയ്യുന്നു, എന്നാൽ പ്രവചിക്കുന്നവൻ സഭയെ കെട്ടുപണി ചെയ്യുന്നു. |
| 1 കൊരി. 14:26 | ആകയാൽ എന്ത്, സഹോദരന്മാരേ? നിങ്ങൾ കൂടിവരുമ്പോഴെല്ലാം, ഓരോരുത്തന് സങ്കീർത്തനം ഉണ്ട്, |

ഉപദേശം ഉണ്ട്, വെളിപാട് ഉണ്ട്, അന്യഭാഷ ഉണ്ട്, വ്യാഖ്യാനം ഉണ്ട്. സകലവും കെട്ടുപണിക്കായി ചെയ്യട്ടെ.

എഫെ. 3:19 പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിന്റെ സ്നേഹത്തെ അറിയുവാനും, അത് നിങ്ങൾ ദൈവത്തിന്റെ എല്ലാ, നിറവിനോളം നിറയേണ്ടതിനും ആകുന്നു.

## ശുശ്രൂഷയിൽനിന്നുള്ള ഉദ്ധരണികൾ:

### ക്രിസ്തുവിനോടുകൂടെ ആയിരിക്കാനുള്ള പൗലൊസിന്റെ ആഗ്രഹം

ഫിലിപ്പിയർ 1:23 പറയുന്നു, "രണ്ടിനും ഇടയിൽ ഞാൻ ഞെരുങ്ങുന്നു, വിട്ടുപിരിഞ്ഞ് ക്രിസ്തുവിനോടുകൂടെ ആയിരിക്കുവാൻ വാഞ്ഛ ഉണ്ട്, അത് അത്യുത്തമമല്ലോ." പൗലൊസ് ഈ വാക്കുകൾ എഴുതിയപ്പോൾ, അവൻ ബന്ധനത്തിലായിരുന്നു. അത്തരം സാഹചര്യങ്ങളിൽ അവൻ ക്രിസ്തുവിനോടൊപ്പം ആയിരിക്കാൻ ആഗ്രഹിക്കുമെന്ന് നാം പ്രതീക്ഷിക്കും. പൗലൊസിന്റെ സാഹചര്യത്തിൽ ഏതൊരു വിശ്വാസിക്കും ഇതേ ആഗ്രഹം ഉണ്ടായിരിക്കും.

ക്രിസ്തുവിനോടുകൂടെ ആയിരിക്കുക എന്നത് സ്ഥലത്തിന്റെ കാര്യമല്ല, മറിച്ച് അളവിന്റെ കാര്യമാണെന്ന് നാം സൂചിപ്പിച്ചിട്ടുണ്ട്. പൗലൊസ് തടവിൽ ക്രിസ്തുവിനൊപ്പം ഉണ്ടായിരുന്നു എന്നതിൽ സംശയമില്ല. അവൻ ക്രിസ്തുവിനൊപ്പം ഉണ്ടായിരുന്നു എന്ന വസ്തുത സൂചിപ്പിക്കുന്നത് ക്രിസ്തുവിനൊപ്പം ആയിരിക്കുക എന്നത് സ്ഥലത്തിന്റെ കാര്യമല്ല എന്നാണ്. എന്നാൽ പൗലൊസ് ഒരു പരിധിവരെ ക്രിസ്തുവിനൊപ്പം ഉണ്ടായിരുന്നെങ്കിലും, ഉയർന്ന അളവിൽ അവനോടൊപ്പം ആയിരിക്കാൻ അവൻ ആഗ്രഹിച്ചു. ശാരീരിക മരണത്തിന്റെ ഫലമായി തന്റെ ഭൗമിക ജീവിതത്തേക്കാൾ വലിയ അളവിൽ താൻ ക്രിസ്തുവിനോടൊപ്പം ആയിരിക്കുമെന്ന് പൗലൊസിന് അറിയാമായിരുന്നു. ഇക്കാരണത്താൽ, വേർപിരിയാനും ക്രിസ്തുവിനൊപ്പം ആയിരിക്കാനും അവന് ആഗ്രഹിക്കാമായിരുന്നു, ഇത് വളരെ മികച്ചതായി കണക്കാക്കുന്നു.

### വിശുദ്ധരുടെ പുരോഗതിക്കും സന്തോഷത്തിനും വേണ്ടി നിലകൊള്ളുന്നു

24-ാം വാക്യത്തിൽ പൗലൊസ് തുടരുന്നു, "എന്നാൽ ജഡത്തിൽ ആയിരിക്കുന്നത് നിങ്ങൾ നിമിത്തം അധികം ആവശ്യമാകുന്നു." *നിങ്ങൾ നിമിത്തം* എന്ന വാക്കുകളുടെ അർഥം സഭയ്ക്കുവേണ്ടി എന്നാണ്. അപ്പൊസ്തലന്റെ പരിഗണന സ്വാർത്ഥമായിരുന്നില്ല, വിശുദ്ധന്മാർക്കുവേണ്ടിയായിരുന്നു. അവൻ സഭയോടൊപ്പം കർത്താവിനാൽ പൂർണ്ണമായും വ്യാപൃതനായിരുന്നു. സഭകൾക്ക് ക്രിസ്തുവിന്റെ ശുശ്രൂഷ

കൂടുതൽ ആവശ്യമാണെന്ന് പൗലൊസ് മനസ്സിലാക്കി. അവർക്കുവേണ്ടി ക്രിസ്തുവിനെ അവർക്ക് ശുശ്രൂഷിക്കുന്നതിനായി അവൻ നിലനിൽക്കും.

പൗലൊസ് ക്രിസ്തുവിൽ നിറഞ്ഞ ഒരു വ്യക്തിയായിരുന്നു. സംസാരിച്ചപ്പോൾ അവൻ ക്രിസ്തുവിനെ സംസാരിച്ചു. ജീവിച്ചപ്പോൾ അവൻ ക്രിസ്തുവിനോടുകൂടെ ജീവിച്ചു. പ്രവർത്തിച്ചപ്പോൾ അവൻ ക്രിസ്തുവിനോടുകൂടെ പ്രവർത്തിച്ചു, സഭകൾക്ക് ക്രിസ്തുവിനെ ശുശ്രൂഷിച്ചു. സഭയ്ക്കുവേണ്ടി, വിശുദ്ധന്മാർക്ക് ക്രിസ്തുവിനെ ശുശ്രൂഷിക്കേണ്ടതിന് അവൻ ജഡത്തിൽ തുടരാൻ തയ്യാറായിരുന്നു.

വാക്യം 25 പറയുന്നു, "ഇതിൽ ഉറപ്പുണ്ടായിട്ട്, നിങ്ങളുടെ വിശ്വാസത്തിന്റെ പുരോഗതിക്കും സന്തോഷത്തിനുമായി ഞാൻ ജീവിച്ചിരിക്കുകയും നിങ്ങൾ എല്ലാവരോടുംകൂടെ തുടരുകയും ചെയ്യും എന്ന് ഞാൻ അറിയുന്നു." ഇവിടെ *വിശ്വാസം* എന്നത് വിശുദ്ധന്മാർ വിശ്വസിക്കുന്നതിനെയാണ് സൂചിപ്പിക്കുന്നത് (യൂദാ 3; 2 തിമൊ. 4:7); *പുരോഗതി,* ജീവന്റെ വളർച്ചയിലേക്കും; *സന്തോഷം,* ക്രിസ്തുവിന്റെ ആസ്വാദനത്തിലേക്കും. വിശുദ്ധന്മാരുടെ പുരോഗതിക്കും വിശ്വാസത്തിന്റെ സന്തോഷത്തിനും വേണ്ടി നിലനിൽക്കാൻ പൗലൊസ് തയ്യാറായിരുന്നു.

ഒരു പുരോഗതിയോ സന്തോഷമോ ഇല്ലാതെയും, ജീവനിൽ വളരാതെയും, കർത്താവിനെ ആസ്വദിക്കാതെയും വർഷങ്ങളോളം ഒരു ക്രിസ്ത്യാനിയായിരിക്കാൻ കഴിയും. നമുക്ക് ജീവന്റെ വളർച്ചയും ക്രിസ്തുവിന്റെ ആസ്വാദനവും ആവശ്യമാണ്. കർത്താവിന്റെ പ്രത്യുദ്ധാരത്തൽ വിശ്വസ്തരായിരുന്ന ചില വിശുദ്ധന്മാരെ എനിക്കറിയാം. എന്നാൽ അവരിൽ ജീവന്റെ വളർച്ചയും ക്രിസ്തുവിന്റെ ആസ്വാദനവും അല്പംമാത്രം ഉണ്ടായിട്ടുണ്ട്. തൽഫലമായി, അവർക്ക് അല്പം പുരോഗതിയും അല്പം സന്തോഷവും മാത്രമേ ഉണ്ടായിട്ടുള്ളൂ. നിങ്ങളുടെ കാര്യമോ? നിങ്ങളുടെ പുരോഗതിയെയും സന്തോഷത്തെയും കുറിച്ച് നിങ്ങൾക്ക് എന്ത് പറയാൻ കഴിയും? ഓ, ഞങ്ങൾക്ക് പുരോഗതിയും ആസ്വാദനവും ആവശ്യമാണ്!

പൗലൊസ് തടവിലായിരുന്നാലും അല്ലെങ്കിലും, അവൻ വിശുദ്ധന്മാരുടെ പുരോഗതിയുടെയും സന്തോഷത്തിന്റെയും ശക്തമായ ഒരു ഘടകമായിരുന്നു. അവൻ നിമിത്തം സഭകൾക്ക് ജീവന്റെ വളർച്ച കൈവരിക്കാനും ക്രിസ്തുവിന്റെ ആസ്വാദനം കൊണ്ട് നിറയാനും കഴിഞ്ഞു. ഇന്ന് നമ്മെ സംബന്ധിച്ചും ഇത് സത്യമായിരിക്കണം. സ്ഥലം സഭകളിലെ എല്ലാ മൂപ്പന്മാരും വിശുദ്ധന്മാരുടെ ജീവന്റെ വളർച്ചയുടെയും ക്രിസ്തുവിന്റെ ആസ്വാദനത്തിന്റെയും ഘടകങ്ങളായിരിക്കണം. എന്നാൽ മൂപ്പന്മാർ പുരോഗതിയുടെയും സന്തോഷത്തിന്റെയും അത്തരം ഘടകങ്ങളാണോ അല്ലയോ എന്നത് അവർ ക്രിസ്തുവിനെ ജീവിച്ചുകൊണ്ട് മഹത്വപ്പെടുത്തുന്നുണ്ടോ ഇല്ലയോ എന്നതിനെ ആശ്രയിച്ചിരിക്കുന്നു. മൂപ്പന്മാർ ക്രിസ്തുവിനെ ജീവിക്കുന്നുവെങ്കിൽ, അവൻ തീർച്ചയായും

അവരിൽ മഹത്വപ്പെടുത്തപ്പെടും. അപ്പോൾ മൂപ്പന്മാർ വിശുദ്ധന്മാർക്ക് ജീവനിൽ വളരാനും കർത്താവിനെ ആസ്വദിക്കാനും പ്രാപ്തരാക്കുന്ന ഘടകങ്ങളായി മാറും.

## ക്രിസ്തുവിൽ പൗലൊസിൽ പ്രശംസിക്കുന്നു

ഫിലിപ്പിയർ 1:26-ൽ പൗലൊസ് പറയുന്നു, "അങ്ങനെ നിങ്ങളുടെ അടുക്കൽ ഞാൻ വീണ്ടും വരുന്നതിലൂടെ എന്നിലുള്ള നിങ്ങളുടെ പ്രശംസ ക്രിസ്തു യേശുവിൽ വർധിക്കേണ്ടതിന് തന്നെ." ഈ വാക്യം മനസ്സിലാക്കാൻ എളുപ്പമല്ല. *പ്രശംസ* എന്നതിന്റെ അർഥമെന്താണ്? ഗ്രീക്ക് പദത്തിന് മൂന്ന് അർഥങ്ങളുണ്ട്: "പ്രശംസിക്കുന്നു," "സന്തോഷിക്കുന്നു," "മഹിമപ്പെടുന്നു." നമ്മൾ പ്രശംസിക്കുമ്പോൾ, നമ്മൾ മഹിമപ്പെടുന്നു, നമ്മൾ മഹിമപ്പെടുമ്പോൾ, നമ്മൾ സന്തോഷിക്കുന്നു. ഇവിടെ പൗലൊസ് പറയുന്നത് "എന്നിലുള്ള നിങ്ങളുടെ പ്രശംസ ക്രിസ്തു യേശുവിൽ വർധിക്കേണ്ടതിന്" എന്നാണ്. ഈ ക്രമീകരണം പൗലൊസിന്റെ ചിന്തയുമായി കൂടുതൽ യോജിക്കുന്നതിനാൽ, *ക്രിസ്തു യേശുവിൽ* എന്നതിന് മുമ്പായി *എന്നിൽ* എന്ന് വരുന്നതാണ് നല്ലത്. വിശ്വാസികൾക്ക് ക്രിസ്തുവിൽ പൗലൊസിൽ പ്രശംസിക്കാം, സന്തോഷിക്കാം, മഹത്വപ്പെടാം എന്നാണ് ഇവിടെ പൗലൊസ് പറയുന്നത്. പൗലൊസിലുള്ള അവരുടെ പ്രശംസ ക്രിസ്തുവിലായിരിക്കണം. ക്രിസ്തുവിൽ പ്രശംസിക്കുന്നത് വളരെ എളുപ്പമാണ്, പക്ഷേ ക്രിസ്തുവിൽ മറ്റൊരാളിൽ പ്രശംസിക്കുന്നത് അത്ര എളുപ്പമല്ല. എന്നിരുന്നാലും, ഇതിന്റെ അർഥമെന്താണ്? കിംഗ് ജെയിംസ് വേർഷൻ പറയുന്നു, "എനിക്കുവേണ്ടി യേശു ക്രിസ്തുവിൽ സന്തോഷിക്കുന്നു." ഈ വിവർത്തനം യുക്തിസഹമായിരിക്കാം, പക്ഷേ ഗ്രീക്ക് അനുസരിച്ച് ഇത് കൃത്യമല്ല. ഗ്രീക്ക് "എനിക്കുവേണ്ടി" എന്ന് പറയുന്നില്ല; "എന്നിൽ" എന്ന് വ്യക്തമായി പറയുന്നു. ഫിലിപ്പിയർ ക്രിസ്തുവിൽ പ്രശംസിച്ചത് അവനുവേണ്ടിയോ അവൻ നിമിത്തമോ ആണെന്ന് പൗലൊസ് പറയുകയായിരുന്നില്ല. അവർ അവനിലാണ് ക്രിസ്തുവിൽ പ്രശംസിച്ചതെന്നാണ് അവൻ പറഞ്ഞത്.

ക്രിസ്തുവിന്റെ അനുഭവത്തെക്കുറിച്ചുള്ള ആഴമേറിയ ഒരു രഹസ്യം ഈ പ്രയാസകരമായ വാക്യത്തിൽ അടങ്ങിയിരിക്കുന്നു. ക്രിസ്തുവിനെ അനുഭവിക്കണമെങ്കിൽ, വിശ്വാസികളായ നമുക്ക് ക്രിസ്തുവിൽ മാത്രമല്ല, ക്രിസ്തുവിൽ ഒരാളിലും പ്രശംസിക്കാനും സന്തോഷിക്കാനും മഹത്വപ്പെടാനും കഴിയണം. ഫിലിപ്പിയിലെ വിശുദ്ധന്മാർക്ക് ക്രിസ്തുവിൽ അപ്പൊസ്തലനായ പൗലൊസിൽ പ്രശംസിക്കേണ്ടത് ആവശ്യമായിരുന്നു. ക്രിസ്തുവിൽ നിന്ന് നമുക്ക് ലഭിക്കുന്നത് ക്രിസ്തുവിൽ നേരിട്ട് ലഭിക്കുന്നതല്ല, മറിച്ച് ശരീരത്തിലെ മറ്റ് അവയവങ്ങളിലൂടെ തലയിൽ നിന്ന് ലഭിക്കുന്നതാണ് എന്ന നിർണായക വസ്തുതയുമായി ഈ പ്രശംസ ബന്ധപ്പെട്ടിരിക്കുന്നു. അതിനാൽ, മറ്റൊരു അവയവത്തിലൂടെ തലയിൽനിന്ന് നമുക്ക് ആത്മിക അനുഗ്രഹം ലഭിക്കുന്നു. സംശയമില്ല, പൗലൊസ് ശരീരത്തിലെ വളരെ പ്രധാനപ്പെട്ട ഒരു അവയവമായിരുന്നു. അവൻ ശരീരത്തിന് നഷ്ടപ്പെട്ടിരുന്നെങ്കിൽ,

ശരീരത്തിന് ആത്മിക അനുഗ്രഹത്തിന്റെ വളരെ പ്രധാനപ്പെട്ട ഒരു മുഖാന്തരം നഷ്ടപ്പെടുമായിരുന്നു.

നമ്മുടെ ഭൗതിക ശരീരം അവയവങ്ങൾക്ക് ശരീരത്തിലേക്കുള്ള ഒരു സഹായത്തിന്റെ മാർഗമായി എങ്ങനെ മാറാമെന്ന് ചിത്രീകരിക്കുന്നു. ഉദാഹരണത്തിന്, ഭുജം വിരലുകൾക്കുള്ള ഒരു സഹായത്തിന്റെ മാർഗമാണ്. ഒരു ഉപാധിയായ ഭുജത്തെ കൂടാതെ, വിരലുകൾക്ക് തലയിൽനിന്ന് ഒരു സഹായവും സ്വീകരിക്കാൻ കഴിയില്ല. ക്രിസ്തുവിന്റെ ശരീരത്തിലെ ഒരു പ്രധാന അവയവമെന്ന നിലയിൽ, പൗലൊസ് നമുക്കും തലയ്ക്കും ഇടയിൽ ഒരു സഹായത്തിന്റെ മാർഗമായിരുന്നു. നമുക്ക് പൗലൊസ് ഇല്ലായിരുന്നെങ്കിൽ, നമുക്ക് ഒരു പ്രധാന സഹായത്തിന്റെ മാർഗം ഇല്ലാതെ വരുമായിരുന്നു.

നമ്മിൽ ആർക്കും നേരിട്ട് തലയിൽ പ്രശംസിക്കാനും, സന്തോഷിക്കാനും, മഹിമപ്പെടാനും കഴിയില്ല. മറിച്ച്, ഒരു പ്രത്യേക സഹായത്തിന്റെ ചാലിലും ചാലിലൂടെയും നാം ക്രിസ്തുവിൽ പ്രശംസിക്കണം. 26-ാം വാക്യത്തിൽ പൗലൊസ് പറയുന്നു, "എന്നിലുള്ള നിങ്ങളുടെ പ്രശംസ ക്രിസ്തു യേശുവിൽ വർധിക്കേണ്ടതിന് തന്നെ." *എന്നിൽ* എന്നതിന് "എന്നിലൂടെ" എന്നതിന്റെ അർഥം ഉൾപ്പെടുന്നു, പക്ഷേ ഈ അർഥത്തിൽ മാത്രം ഒതുങ്ങുന്നില്ല. പൗലൊസ് തടവിലായിരുന്ന സമയത്ത്, ഫിലിപ്പിയിൽ എന്നപോലെ ജാതീയ വിശ്വാസികൾ പൗലൊസിൽ പ്രശംസിക്കുകയായിരുന്നു. അവരുടെ പ്രശംസ, സന്തോഷം, മഹിമ, യെഹൂദ പ്രസംഗകരിൽ ആയിരുന്നില്ല; അത് അപ്പൊസ്തലനായ പൗലൊസിലായിരുന്നു. പൗലൊസ് ക്രിസ്തുവിനെ മഹത്വപ്പെടുത്തുകയും ക്രിസ്തുവിനെ പൂർണ്ണമായി ജീവിക്കുകയും ചെയ്തതിനാൽ അവർക്ക് പൗലൊസിൽ പ്രശംസിക്കാൻ കഴിയുമായിരുന്നു. പൗലൊസ് ക്രിസ്തുവിനെ ഈ വിധത്തിൽ ജീവിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്തതിനാൽ, അവന് ക്രിസ്തുവിനെ വിശുദ്ധന്മാരിലേക്ക് സന്നിവേശിക്കുവാനും എല്ലാ സഭകൾക്കും ക്രിസ്തുവിനെ ശുശ്രൂഷിക്കുവാനും കഴിഞ്ഞു. അതുകൊണ്ട്, അത്തരമൊരു അപ്പൊസ്തലനിൽ പ്രശംസിക്കാൻ വിശുദ്ധന്മാർക്ക് കാരണമുണ്ടായിരുന്നു. പൗലൊസ് അകാലത്തിൽ മരിച്ചിരുന്നെങ്കിൽ, അവനിലുള്ള അവരുടെ പ്രശംസ അവസാനിക്കുമായിരുന്നു. എന്നാൽ പൗലൊസ് ജീവിച്ചിരുന്നിടത്തോളം കാലം, ക്രിസ്തുവിൽ അവനിൽ പ്രശംസിക്കാൻ അവർക്ക് കഴിഞ്ഞു. അതിനാൽ, 25-ഉം 26-ഉം വാക്യങ്ങളിൽ, വിശുദ്ധന്മാരുടെ വിശ്വാസത്തിന്റെ പുരോഗതിക്കും സന്തോഷത്തിനും വേണ്ടി താൻ അവരോടൊപ്പം നിലനിൽക്കുമെന്നും അങ്ങനെ അവനിലുള്ള അവരുടെ പ്രശംസ ക്രിസ്തു യേശുവിൽ വർദ്ധിക്കുമെന്നും തനിക്ക് ഉറപ്പുണ്ടെന്ന് പൗലൊസ് പറയുന്നു.

## ക്രിസ്തുവിന്റെ ആനന്ദത്തിനായുള്ള ചാലുകൾ

ശരീരജീവിതത്തിൽ ചില വ്യക്തികൾ സഹായത്തിന്റെ ചാലുകളായി പ്രവർത്തിക്കേണ്ടതിന്റെ അടിയന്തിര ആവശ്യമുണ്ടെന്ന വളരെ നിർണായകമായ കാര്യം ഈ വാക്യങ്ങളിൽ നാം കാണുന്നു. പൗലൊസിനെപ്പോലെയുള്ള അവയവങ്ങൾ നമുക്കാവശ്യമാണ്. അത്തരം അവയവങ്ങൾ മരിക്കുമ്പോൾ, ക്രിസ്തുവിന്റെ സന്നിവേശം യഥാർഥമായി തടസ്സപ്പെടുന്നു. എന്നാൽ അങ്ങനെയുള്ളവർ നമ്മോടൊപ്പമുള്ളിടത്തോളം കാലം, സന്നിവേശം തടസ്സമില്ലാതെ തുടരുന്നു, ക്രിസ്തുവിൽ നമുക്ക് അവരിൽ പ്രശംസിക്കാം. എല്ലാ സ്ഥലം സഭകളിലെയും നേതൃത്വം നൽകുന്നവർ അത്തരം ചാലുകളായിരിക്കണം, അത്തരം സഹായത്തിന്റെ ഉപാധികളായിരിക്കണം.

നാം ജീവിക്കുന്നതോ മരിക്കുന്നതോ സഭയെ ബാധിക്കണം. നമ്മുടെ ജീവിതം വിശുദ്ധന്മാർക്ക് വളരെ പ്രധാനമായിരിക്കണം. എന്നാൽ ഇത് അങ്ങനെയാണോ അല്ലയോ എന്നത് നാം ക്രിസ്തുവിനെ എത്രത്തോളം ജീവിക്കുന്നു, ക്രിസ്തുവിനെ ശുശ്രൂഷിക്കുന്നു, മറ്റുള്ളവരെ ക്രിസ്തുവിനാൽ സന്നിവേശിപ്പിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു. സഭയിലേക്ക് ക്രിസ്തുവിനെ സന്നിവേശിപ്പിക്കുന്ന കാര്യത്തിൽ, ചില നേതൃത്വം നൽകുന്നവർ ജീവിച്ചിരിക്കുകയോ മരിക്കുകയോ ചെയ്യുന്നത് യാതൊരു വ്യത്യാസവും കൊണ്ടുവരുന്നില്ല എന്ന് പറയുന്നതിൽ എനിക്ക് ഖേദമുണ്ട്. എന്നാൽ മറ്റുള്ളവരെ സംബന്ധിച്ചിടത്തോളം അവർ നമ്മോടൊപ്പം തുടരുന്നതോ മരണത്താൽ നമ്മിൽ നിന്ന് മാറ്റപ്പെടുന്നതോ വലിയ വ്യത്യാസമുണ്ടാക്കുന്നു. ഞങ്ങൾക്ക് വളരെ പ്രിയപ്പെട്ട ഒരു സഹോദരനായ യൂജിൻ ഗ്രുഹ്ലർ, സീനിയറിന്റെ ഉദാഹരണം ഞാൻ ഓർക്കുന്നു. അദ്ദേഹം തീർച്ചയായും ശരീരത്തിന് ഒരു സഹായത്തിന്റെ ഉപാധിയായിരുന്നു. എന്റെ ഹൃദയത്തിന്റെ ആഴങ്ങളിൽ നിന്ന്, അദ്ദേഹം കർത്താവിനോടൊപ്പം ആയിരിക്കുന്നത് സഭാ ജീവിതത്തിൽ ഞങ്ങൾക്ക് ഒരു നഷ്ടമായിരുന്നുവെന്ന് എനിക്ക് പറയാൻ കഴിയും. ഈ സഹോദരൻ തുടരുന്നതും കർത്താവിനോടൊപ്പം ചേർക്കപ്പെട്ടതും ഞങ്ങൾക്ക് ഒരു വ്യത്യാസമുണ്ടാക്കിയിരുന്നു. നമ്മുടെ എല്ലാവരുടെയും കാര്യത്തിലും ഇതു സത്യമായിരിക്കണം. നമ്മൾ ജീവിക്കുന്നുണ്ടോ മരിക്കുന്നുണ്ടോ എന്നത് സഭയ്ക്കും ബാധകമായിരിക്കണം. എന്നാൽ ഇത് നമ്മൾ ക്രിസ്തുവിനെ ജീവിക്കുകയും, ക്രിസ്തുവിനെ മഹത്വപ്പെടുത്തുകയും, ക്രിസ്തുവിനെ ശുശ്രൂഷിക്കുകയും, നമ്മുടെ അസ്തിത്വത്തിന്റെ ആഴങ്ങളിൽ നിന്ന് ക്രിസ്തുവിനെ വിശുദ്ധന്മാരിലേക്ക് സന്നിവേശിപ്പിക്കുകയും ചെയ്യുന്നതിനെ ആശ്രയിച്ചിരിക്കുന്നു. ഈ വിധത്തിൽ നാം ക്രിസ്തുവിനെ അനുഭവിക്കുകയും ആസ്വദിക്കുകയും ചെയ്താൽ, നാം തുടരുന്നുവോ അതോ കർത്താവിനോടൊപ്പം ചേർക്കപ്പെടുന്നുവോ എന്നത് സഭയ്ക്ക് ഒരു വ്യത്യാസമുണ്ടാക്കും.

തലയായ ക്രിസ്തുവിൽ നേരിട്ട് പ്രശംസിക്കാൻ നമുക്ക് കഴിയില്ലെന്ന് നാം കണ്ടു. മറിച്ച്, മറ്റുള്ളവർക്ക് ക്രിസ്തുവിനെ ആസ്വദിക്കാനും ജീവനിൽ വളരാനും കഴിയുന്ന ചാലുകളായി പ്രവർത്തിക്കാൻ ചില അംഗങ്ങൾ ഉണ്ടായിരിക്കണം. അത്തരം സഹായത്തിന്റെ ഉപാധികളുടെ അടിയന്തിര ആവശ്യം ഉണ്ട്. ഒരു രാജ്യത്ത് ഒന്നോ രണ്ടോ പേർ മാത്രമേ ഉള്ളൂവെങ്കിൽ പോലും, മറ്റു പലർക്കും ക്രിസ്തുവിന്റെ സഹായം ലഭിക്കും. പൗലൊസ് ഇത്തരത്തിലുള്ള അവയവമായിരുന്നതിനാൽ, വിശുദ്ധരുടെ പുരോഗതിക്കും വിശ്വാസത്തിലുള്ള സന്തോഷത്തിനും വേണ്ടി അവരോടൊപ്പം തുടരാനും അങ്ങനെ അവർക്ക് ക്രിസ്തുവിൽ അവനിൽ പ്രശംസിക്കുവാൻ കഴിയും. വിശുദ്ധന്മാർ ക്രിസ്തുവിനെ അനുഭവിക്കണമെങ്കിൽ, അത്തരമൊരു ചാലായി സേവിക്കാൻ ഒരാൾ ആവശ്യമാണ്. ചില രാജ്യങ്ങളിൽ ആളുകൾക്ക് ക്രിസ്തുവിനെ അനുഭവിക്കാൻ ഒരു മാർഗവുമില്ല, കാരണം ആ രാജ്യത്ത് ക്രിസ്തുവിനെ യഥാർഥത്തിൽ ജീവിക്കുകയും അവനെ മഹത്വപ്പെടുത്തുകയും ചെയ്യുന്ന ഒരാൾ പോലും ഇല്ല. തൽഫലമായി, അവിടത്തെ വിശ്വാസികൾക്ക് ക്രിസ്തുവിനെ ആസ്വദിക്കാൻ ഒരു മാർഗവുമില്ല. പൗലൊസിനെപ്പോലുള്ള ആളുകളുടെ വലിയ ആവശ്യമുണ്ട്. പൗലൊസ് ജീവിച്ചിരുന്നപ്പോൾ, പലർക്കും ക്രിസ്തുവിനെ അനുഭവിക്കാനും വിശ്വാസത്തിൽ പുരോഗതിയും സന്തോഷവും നേടാനും കഴിഞ്ഞു. (*Life-study of Philippians, pp.* 60-64)

## സഭയുടെ ഭരണത്തിലും വചന ശുശ്രൂഷയിലുമുള്ള പ്രശ്നങ്ങൾ

### ഒന്നാത്തെ പ്രശ്നം—ഒരു ഭാരമില്ലാതിരിക്കുന്നത്

സഭയുടെ ഭരണത്തിലും വചന ശുശ്രൂഷയിലും ഏറ്റവും വലിയ പ്രശ്നം ഒരു ഭാരമില്ലാതിരിക്കുന്നതാണ്, അല്ലെങ്കിൽ നമുക്ക് ഒരു ഭാരം ലഭിക്കാതിരിക്കുന്നതാണ്, അല്ലെങ്കിൽ ഒരു ഭാരത്തിൽ ശ്രദ്ധ ചെലുത്താതിരിക്കുന്നതാണ്. ഒരു ഭാരമില്ലാതെ സഭയെ ഭരിക്കാൻ മൂപ്പന്മാർക്ക് കഴിയും. വചനം ശുശ്രൂഷിക്കുന്നവർക്ക് ഒരു ഭാരമില്ലാതെയും അത് ചെയ്യാം. വചനം ശുശ്രൂഷിക്കുമ്പോൾ നമ്മുടെ ഭാരം വിടുവിക്കുന്നത് നാം എത്ര നന്നായി സംസാരിക്കുന്നു എന്നതിനെ ആശ്രയിച്ചല്ല. ആളുകളെ സ്പർശിക്കുന്നതിനായി നന്നായി സംസാരിക്കുക എന്നതാണ് നമ്മുടെ ഏക ആഗ്രഹമെങ്കിൽ, നമ്മുടെ സംസാരം ഭാരമില്ലാതെയായിരിക്കും. അതുപോലെ, സഭയെ ഭരിക്കാനുള്ള കഴിവ് ഒരാളുടെ ഭാരം വിടുവിക്കുന്നില്ല. നമുക്ക് എത്രത്തോളം നന്നായി ഭരിക്കാൻ കഴിയും എന്നതല്ല, മറിച്ച് നമ്മുടെ ഭരണം ഫലപ്രദമാണോ ആളുകളെ സ്പർശിക്കാൻ കഴിയുന്നതാണോ എന്നതാണ് പ്രധാനം.

ഉദാഹരണത്തിന്, ആളുകൾ ഒരു മീറ്റിംഗിന് വരുമ്പോൾ, വചനം വിചുവിക്കേണ്ട ആവശ്യം ഉണ്ടായേക്കാം. നമ്മൾ എന്താണ് സംസാരിക്കുന്നത് എന്നതിനെക്കുറിച്ചും നമ്മുടെ സംസാരത്തിന്റെ വിഷയത്തെക്കുറിച്ചും നാം

കർത്താവിനെ അന്വേഷിക്കണം. നമ്മൾ എത്ര നന്നായി സംസാരിക്കുന്നു, നമ്മുടെ അവതരണത്തിന്റെ സജ്ജീകരണം, അല്ലെങ്കിൽ വിശുദ്ധന്മാർ സ്പർശിക്കപ്പെടുന്നു എന്നതല്ല കാര്യം; മറിച്ച്, വിശുദ്ധന്മാരിൽ അത് എന്ത് ഉൽപ്പാദിപ്പിക്കുന്നു എന്നതാണ് കാര്യം. ചിലർ ഇതുവരെ രക്ഷിക്കപ്പെട്ടിട്ടില്ലെങ്കിൽ, വചനം വിടുവിക്കുമ്പോൾ അവരിലേക്ക് രക്ഷയുടെ വിത്ത് വിതയ്ക്കുന്നതിന് കർത്താവിന്റെ കൃപയാൽ അവരുടെ ദേഹികളെ വഹിക്കാനുള്ള ഒരു ഭാരം നമുക്ക് ലഭിക്കണം. നമ്മുടെ ഭാരം രക്ഷയാണ്, ഒരു ചലനാത്മക വചനത്തിന്റെ വിചുതലല്ല. അവർ രക്ഷിക്കപ്പെട്ടിട്ടും കർത്താവിനെ സ്നേഹിക്കുന്നില്ലെങ്കിൽ, നമ്മുടെ ഭാരം അവർ കർത്താവിനെ സ്നേഹിക്കുന്നതായിരിക്കണം. അവർ കർത്താവിനെ സ്നേഹിക്കുന്നു, പക്ഷേ കർത്താവിന് സ്വയം സമർപ്പിക്കാനും അവന്റെ ഇടപെടൽ സ്വീകരിക്കാനും തയ്യാറല്ലെങ്കിൽ, നമ്മുടെ ഭാരം അവർ സ്വമേധയാ കർത്താവിന് സ്വയം സമർപ്പിക്കുകയും അവനാൽ ഇടപെടൽപ്രാപിക്കുകയും ചെയ്യുക എന്നതായിരിക്കണം. ഇത് ഒരു ഭാരത്തോടെ വചനം ശുശ്രൂഷിക്കുന്നത്.

അല്ലെങ്കിൽ നമ്മുടെ കർത്തൃദിവസത്തെ ദൂത് സൺഡേ സർവീസ് എന്ന് വിളിക്കപ്പെടുന്ന അവസ്ഥയിലേക്ക് വീണേക്കാം. മീറ്റിംഗ് നിലനിർത്തുന്നതിനായി എല്ലാ ആഴ്ചയും ആരെയെങ്കിലും ഒരു സന്ദേശം വിടുവിക്കാൻ നിയോഗിക്കുന്നു. മീറ്റിംഗിന് ശേഷം, എല്ലാവരും വീട്ടിലേക്ക് പോയി, ഉച്ചഭക്ഷണം കഴിച്ച്, വിശ്രമിക്കുകയും, വൈകുന്നേരം അപ്പം മുറിക്കൽ യോഗത്തിനായി മടങ്ങിവരുകയും ചെയ്യുന്നു. ഇത് ഒരു സൺഡേ സർവീസ് ആണ്. ഈ സാഹചര്യത്തിൽ വചനം ശുശ്രൂഷിക്കുന്നവർക്ക് ഒരു ഭാരം ലഭിക്കണം. ഒരു ദൂത് കേൾക്കാൻ വരുന്നവരുടെ അവസ്ഥ നാം അറിയേണ്ടതുണ്ട്. അവർക്ക് സ്വന്തം അവസ്ഥയെക്കുറിച്ച് ഒരു വികാരവും ഉണ്ടാകണമെന്നില്ല, പക്ഷേ അവരുടെ അവസ്ഥയെക്കുറിച്ച് നമുക്ക് വ്യക്തതയും അനുഭൂതിയും ഉണ്ടായിരിക്കണം. അവർക്ക് ആഴ്ചതോറും സമാധാനപരമായി ഇരുന്ന് കേൾക്കാൻ കഴിഞ്ഞേക്കാം, പക്ഷേ നമുക്ക് ആഴ്ചതോറും സമാധാനപരമായി സംസാരിക്കാൻ കഴിയില്ല. അവരെ "ശല്യപ്പെടുത്താനും" "അസ്വസ്ഥരാക്കാനും" നാം ഭാരം സ്വീകരിക്കേണ്ടതുണ്ട്, അങ്ങനെ അവർ മീറ്റിംഗിലേക്ക് സമാധാനപരമായി വന്നാലും, അവർ പോകുമ്പോൾ അവർ ആന്തരികമായി അസ്വസ്ഥരായിരിക്കും.

നമ്മുടെ സംസാരം കേൾക്കുന്നവരിൽ ഒരു ഫലവും ഉണ്ടാക്കുന്നില്ലെന്ന് നമുക്ക് വിചാരമില്ലെങ്കിൽ, നമുക്ക് ഒരു ഭാരമില്ല. സംസാരിക്കുന്നവരും കേൾക്കുന്നവരും ഒരു ആചാരത്തിലാണെന്ന് ഈ സാഹചര്യം സൂചിപ്പിക്കുന്നു. സഭ പതിവായി പാസ്റ്ററെ ശ്രദ്ധിക്കുകയും പാസ്റ്റർ പതിവായി വർഷം തോറും സഭയോട് പ്രസംഗിക്കുകയും ചെയ്യുന്ന അധഃപതിച്ച ക്രിസ്തുമതത്തിന്റെ അവസ്ഥയാണിത്. ഇത് നമ്മുടെ രീതിയായിരിക്കരുത്. വചന ശുശ്രൂഷ കേൾക്കുന്നവരെ പ്രബുദ്ധരാക്കണം. എല്ലാ കർത്തൃദിവസത്തിലും നാം വചനം ശുശ്രൂഷിക്കുമ്പോൾ, ആളുകൾക്ക്

സമാധാനം ഇല്ലാത്തിടത്തോളം നാം അവരെ "ബുദ്ധിമുട്ടിക്കണം". ഒരു ഭാരം ഉണ്ടായിരിക്കുക എന്നതിന്റെ അർഥം ഇതാണ്.

ശ്രോതാക്കൾ ശീതോഷ്ണവാന്മാരാണെങ്കിൽ, അവർ സമാധാനപരമായി കേട്ടാലും, വചനം ശുശ്രൂഷിക്കുന്നവർ സമാധാനത്തിലായിരിക്കരുത്. അവർ കർത്താവിന്റെ മുമ്പാകെ പോകണം, കർത്താവിൽ നിന്ന് ഒരു ഭാരം ലഭിക്കുന്നതുവരെ അവൻ അവരുടെ സമാധാനം എടുത്തുകളയുകയും, ഉറക്കം നഷ്ടപ്പെടുത്തുകയും ഭക്ഷണം കഴിക്കാതിരിക്കുകയും വേണം. അപ്പോൾ അവരുടെ സംസാരം പരിശുദ്ധാത്മാവിനെ ശ്രോതാക്കളിൽ പ്രവർത്തിക്കാൻ പ്രാപ്തമാക്കും. ഇത്തരത്തിലുള്ള സംസാരം മാത്രമാണ് ദൈവത്തിന്റെ സംസാരം. വചനം ശുശ്രൂഷിക്കുന്ന സഹോദരന്മാർക്ക് ഒരു ഭാരം ഉണ്ടായിരിക്കണം, കേവലം ഉപദേശങ്ങൾ, യുക്തി, ഉദാഹരണങ്ങൾ എന്നിവയല്ല. ഈ രീതിയിൽ വചനം ശുശ്രൂഷിക്കുന്നത് അസഹനീയമാണ്; അത് ദൈവത്തെ വ്രണപ്പെടുത്തുന്നതാണ്, അത് അവന്റെ ദൃഷ്ടിയിൽ ഒരു പാപവുമാണ്.

### *വചന ശുശ്രൂഷയിൽ ദൈവവചനം സംസാരിക്കാനുള്ള ഭാരം സ്വീകരിക്കുന്നു*

യെശയ്യാവ് 13:1-ൽ ചൈനീസ് യൂണിയൻ വേർഷൻ പറയുന്നത്, ദൈവത്തിനുവേണ്ടി സംസാരിച്ചപ്പോൾ പ്രവാചകന്മാർക്ക് പ്രചോദനം ലഭിച്ചു എന്നാണ്. *പ്രചോദനം* എന്നതിനുള്ള എബ്രായ പദത്തിന്റെ അർഥം "ഭാരം" എന്നാണ്. മനുഷ്യൻ ഒരു ഭാരം സ്വീകരിക്കേണ്ടതുണ്ട്. നമുക്ക് ഈ ഉത്തരവാദിത്തം അവഗണിക്കാനും ദൈവം നമുക്ക് ഒരു ഭാരം നൽകിയിട്ടില്ലെന്ന് കരുതാനും കഴിയില്ല. പൗലൊസിന്റെ ലേഖനങ്ങൾ അവന് ഭാരങ്ങൾ ലഭിച്ചുവെന്ന് വ്യക്തമായി കാണിക്കുന്നു. കൊരിന്തിലെ സഭയിൽ ഒരാൾ പരസംഗം എന്ന പാപം ചെയ്തപ്പോൾ, പൗലൊസ് പാപത്തെ കേവലം ശിക്ഷവിധിക്കുകയോ പാപം ചെയ്തയാൾക്കുവേണ്ടി പ്രാർഥിക്കുന്നത് നിർത്തുകയോ ചെയ്തില്ല. സഭയ്ക്കുവേണ്ടി ഒരു ഉത്തരവാദിത്തവും നിയോഗവും വഹിക്കാനുള്ള ഒരു ഭാരം അവന് ദൈവത്തിൽനിന്ന് ലഭിച്ചു (1 കൊരി. 5:1-13). പൗലൊസ് തന്റെ ലേഖനങ്ങളിൽ ഉപദേശങ്ങൾ പ്രസംഗിച്ചില്ല; പകരം, ചില കാര്യങ്ങളെക്കുറിച്ചുള്ള കൂട്ടായ്മചെയ്യാനുള്ള ഭാരം അവനുണ്ടായിരുന്നു, അതിനാൽ ആളുകളുടെ വികാരങ്ങളെ സ്പർശിക്കാൻ അവന് കഴിഞ്ഞു.

തായ്പേയിലെ സഭയിലെ വചന ശുശ്രൂഷ ഞായറാഴ്ച ശുശ്രൂഷകളിലെ പ്രസംഗത്തിന് തുല്യമായി മാറാനുള്ള അപകടമുണ്ട്. നാം ദൈവവചനം ശുശ്രൂഷിക്കുമ്പോൾ, നമ്മുടെ സംസാരത്തിന്റെ വിഷയമല്ല, ദൈവത്തിന്റെ സംസാരം നമുക്കുണ്ടോ എന്നതായിരിക്കണം നമ്മുടെ ചിന്ത. ദൈവത്തിന്റെ സംസാരം ഉണ്ടാകണമെങ്കിൽ, വചനം ശുശ്രൂഷിക്കുന്നയാൾക്ക് ഒരു ഭാരം ഉണ്ടായിരിക്കണം. ഒരു ഭാരത്തോടെ സംസാരിക്കുന്ന ദൂത് കേൾക്കുമ്പോൾ ആളുകൾക്ക് പ്രതിലോമ പ്രതികരണം ഉണ്ടാകാം അല്ലെങ്കിൽ

ഉത്തേജിക്കപ്പെടാം, പക്ഷേ അത് ദൈവത്തിന്റെ സംസാരമാണെന്ന് അവർക്ക് നിഷേധിക്കാൻ കഴിയില്ല. ഇത്തരത്തിലുള്ള ദൂതിന് ആളുകളെ സഹായിക്കാനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാനും കഴിയും. ദൈവത്തിന്റെ സംസാരം ഇല്ലാത്ത ഒരു ദൂതിന് ആളുകളെ സ്പർശിക്കാനോ, അവരെ ആന്തരികമായി തിരിക്കാനോ, വിശപ്പും ദാഹവും ഉള്ളവരെ തൃപ്തിപ്പെടുത്താനോ കഴിയില്ല, കാരണം അവ ബൈബിളിൽ നിന്നുള്ളതാണെങ്കിൽ പോലും ദൈവം സംസാരിക്കാൻ ആഗ്രഹിക്കുന്ന വാക്കുകളല്ല.

അതുകൊണ്ട്, സംസാരം ലഘുവോ വിലയില്ലാത്തതോ ആയിരിക്കരുത്. ഒരു ദൂത് തയ്യാറാക്കിയതുകൊണ്ടുമാത്രം നമുക്ക് സംസാരിക്കാൻ കഴിയില്ല. വചനം ശുശ്രൂഷിക്കുന്ന ഒരുവൻ ദൈവമുമ്പാകെ ആളുകളുടെ അവസ്ഥ വഹിക്കണം. അവരുടെ ആവശ്യങ്ങൾ അറിയേണ്ട ഉത്തരവാദിത്തം അവൻ വഹിക്കുന്നു. അവൻ അവരുടെ അവസ്ഥ മനസ്സിലാക്കുകയും ദൈവം എന്താണ് സംസാരിക്കാൻ ആഗ്രഹിക്കുന്നതെന്ന് അറിയുകയും വേണം. പരിശീലനത്തിൽ നിന്ന് നമുക്ക് ലഭിച്ച സഹായം നമ്മുടെ ഉള്ളിലുള്ള ഭാരത്തെ പകരംവയ്ക്കുവാൻ കഴിയില്ല. അപകടം എന്തെന്നാൽ, ഭാരം പകരംവയ്ക്കപ്പെട്ടതിനാൽ നമുക്ക് വെളിപാടിന്റെയും ആത്മിക ഭാരത്തിന്റെയും കുറവുണ്ട്.

## ***ഫലപ്രദമായ വചനം പ്രസംഗിക്കാൻ ആളുകളുടെ സാഹചര്യത്തിൽ നിരാശാജനകരാകുന്നു***

വർഷത്തിൽ അമ്പത്തിരണ്ട് ആഴ്ചകൾ തായ്പേയിലെ സഭയിൽ കർത്തൃദിനത്തിൽ ഒരു സന്ദേശ യോഗം നടത്താറുണ്ട്. വചനം ശുശ്രൂഷിക്കുന്ന സഹോദരന്മാർ വചനം ശുശ്രൂഷിക്കുന്നതിനുമുമ്പ് ഉപവസിക്കുകയും പ്രാർഥിക്കുകയും ചെയ്യാറുണ്ടോ? തീർച്ചയായും, സഹോദരന്മാർ ഉപവസിക്കുകയും പ്രാർഥിക്കുകയും ചെയ്യണമെന്ന് ആവശ്യപ്പെടുന്ന ഒരു നിയമവുമില്ല, കാരണം ഇത് ഉപയോഗശൂന്യമായിരിക്കും. ദൈവവചനം വഹിക്കുന്നത് മനുഷ്യന്റെ ദേഹികളെ വഹിക്കുന്നതിന് തുല്യമാണെന്ന് സഹോദരന്മാർ മനസ്സിലാക്കേണ്ടതുണ്ട്. നമ്മുടെ പ്രസംഗം കേൾക്കാൻ വിശുദ്ധന്മാർ ആഴ്ചതോറും യോഗങ്ങളിൽ വരുന്നു, അതിനാൽ നാം അവരെ വഹിക്കണം. മൂന്ന് മാസത്തിനുശേഷം അവരിൽ ഒരു മാറ്റവും സംഭവിച്ചില്ലെങ്കിൽ, നമുക്ക് സമാധാനമുണ്ടാകരുത്. രണ്ടാഴ്ചത്തേക്ക് ഒരു ബിസിനസ്സും ഇല്ലാത്തപ്പോൾ സമാധാനമായി ഉറങ്ങാൻ കഴിയാത്തതും മൂന്ന് മാസത്തിനുശേഷം ലാഭമില്ലെങ്കിൽ ഭക്ഷണം കഴിക്കാൻ കഴിയാത്തതുമായ ഒരു വ്യാപാരിയോട് ഇതിനെ താരതമ്യം ചെയ്യാം. അവൻ ദുഃഖവും ഉത്കണ്ഠയും നിറഞ്ഞവനായിരിക്കും.

ബിസിനസ്സുള്ള നിരവധി സഹോദരീസഹോദരന്മാർ എന്റെ അടുക്കൽ വരുന്നു. അവർ വായ തുറക്കാതെ വെറുതെ ഇരിക്കുന്നെങ്കിലും, അവരുടെ ഉള്ളിലെ ഭാരം എനിക്ക് മനസ്സിലാകുന്നു, അവരുടെ ബിസിനസ്സിൽ അവർക്ക്

ബുദ്ധിമുട്ടുകൾ നേരിടേണ്ടി വന്നിട്ടുണ്ടെന്ന് എനിക്ക് മനസ്സിലാകുന്നു. മൂന്ന് മാസത്തിനുള്ളിൽ മാറ്റം വരാത്ത ദേഹികൾക്കായി സംസാരിക്കുന്ന സഹോദരന്മാർക്ക് ദുഃഖമുണ്ടോ? ഉപഭോക്താക്കളില്ലാത്ത ഒരു കടയുടമയ്ക്ക് എല്ലാം ശരിയാണെന്ന് കരുതി ജോലി തുടരാൻ കഴിയില്ല. അവൻ സാഹചര്യം പരിഗണിക്കുകയും സാഹചര്യം മാറ്റാനുള്ള വഴി കണ്ടെത്തുകയും ചെയ്യും. ലാഭമില്ലെങ്കിൽ വചനം ശുശ്രൂഷിക്കുന്നവർക്ക് എങ്ങനെ പതിവുപോലെ തുടരാൻ കഴിയും? ആഴ്ചതോറും പ്രസംഗപീഠത്തിൽ നിന്ന് സംസാരിച്ചാൽ മാത്രം മതിയെന്ന് നാം കരുതരുത്.

സഹോദരൻ നീ ഫൂച്ചോവിൽ തന്റെ വേല ആരംഭിച്ചപ്പോൾ, കർത്തൃദിനത്തിലെ സുവിശേഷ യോഗത്തിനായി എല്ലാ ശനിയാഴ്ചയും അദ്ദേഹം ഉപവസിക്കുകയും പ്രാർഥിക്കുകയും ചെയ്തു. എന്ത് സംസാരിക്കണമെന്നും എങ്ങനെ സംസാരിക്കണമെന്നും അദ്ദേഹം കർത്താവിന്റെ മുമ്പാകെ പരിഗണിച്ചു. പാപികൾ എന്ത് വാക്കാണ് കേൾക്കേണ്ടതെന്ന് അദ്ദേഹം പരിഗണിച്ചു. ഒരു ഭാരത്തോടെ അദ്ദേഹം ഉപവസിക്കുകയും പ്രാർഥിക്കുകയും ചെയ്തതിനാൽ, അദ്ദേഹത്തിന്റെ വാക്കുകൾ എല്ലായ്പ്പോഴും വളരെ ഫലപ്രദമായിരുന്നു, പിന്നീട് ദൂതുകളായി അവ പ്രസിദ്ധീകരിക്കപ്പെട്ടു. കർത്താവിനാൽ ഉപയോഗിക്കപ്പെടുന്ന പലരും വചന ശുശ്രൂഷയിൽ ഒരു ഭാരം വഹിക്കുന്നു. പീസ് വാങ് ചെറുപ്പമായിരുന്നപ്പോൾ, അവൾക്ക് വിജയകരമായ ഒരു ഉണർവിന്റെ വേല ഉണ്ടായിരുന്നു. അവൾ എപ്പോഴും കർത്താവിന്റെ മുമ്പാകെ മുട്ടുകുത്തി പാപികൾക്കായി കരഞ്ഞും ദുഃഖിച്ചും ദീർഘനേരം ചെലവഴിച്ചു. അതിനാൽ, അവൾ സംസാരിക്കാൻ എഴുന്നേറ്റപ്പോൾ, അവളുടെ വാക്കുകൾ എല്ലായ്പ്പോഴും ജീവനുള്ളതും വ്യാപരിക്കുന്നതും ആയിരുന്നു.

### *ഭാരത്തോടെ സേവിക്കുന്നത് സ്വയം ഇടപെടൽപ്രാപിക്കാൻ ഇടയാക്കുന്നു*

പരീക്ഷകൾക്കായി മാത്രം പഠിച്ചാൽ കുട്ടികൾ ഒരിക്കലും അവരുടെ പഠനത്തിൽ വിജയിക്കില്ല. അവർക്ക് ഒരു ഭാരമുണ്ടെങ്കിൽ, അവരുടെ പഠനം മാറും. ഒരു സഹോദരൻ ചുമതലയുടെ പേരിൽ മാത്രം ദൂത് നൽകിയേക്കാം, കാരണം അത് സംസാരിക്കാനുള്ള അവന്റെ ഊഴമാണ്. എന്നിരുന്നാലും ദൂതുകൾ നൽകുന്നത് ചുമതലയുടെ കാര്യമല്ല, ഭാരത്തിന്റെ കാര്യമാണ്. നമുക്ക് അര വർഷത്തോളം സംസാരിച്ചേക്കാം, പക്ഷേ ശ്രവിക്കുന്നവർക്ക് ഒന്നും ലഭിക്കില്ലായിരിക്കാം, നമ്മുടെ സംസാരം വെറുതെയാകും. നമുക്ക് ഒരു ഭാരമുണ്ടെങ്കിൽ, നമ്മുടെ ദൂതുകൾ ഫലപ്രദമല്ലാതിരിക്കില്ല. നമ്മുടെ ദൂതുകൾ ആളുകൾക്ക് സമാധാനം ലഭിക്കാതിരിക്കാൻ അവരെ "ശല്യപ്പെടുത്തണം", കൂടാതെ അവർ കർത്താവിനെ സ്നേഹിക്കാനും സേവിക്കാനും ഉത്തേജിപ്പിക്കപ്പെടണം. ഈ സാഹചര്യത്തിൽ, നമ്മുടെ ആളത്തം ദൈവത്താൽ സ്പർശിക്കപ്പെടും. ചുമതലയുടെ പേരിൽ ദൂതുകൾ നൽകിയാൽ സ്വയത്തോട് ഇടപെടേണ്ടതിന്റെ ആവശ്യമില്ല. എന്നിരുന്നാലും,

ഒരു ഭാരത്തിൽ നിന്ന് ദൂത് നൽകുമ്പോൾ, നമ്മുടെ സ്വയം ഇടപെടൽപ്രാപിക്കേണ്ടതുണ്ട്.

ഒൻപത് മുതൽ ആറ് വരെ ഒരു ജീവനക്കാരനായി ജോലി ചെയ്യുന്നത് ഒരു കടമയുടെ കാര്യമാണ്, അതിന് ഒരു ഇടപെടലും ആവശ്യമില്ല. എന്നാൽ, നമുക്ക് സ്വന്തമായി ഒരു ബിസിനസ്സ് ഉണ്ടെങ്കിൽ നാം വ്യത്യസ്തമായി പ്രവർത്തിക്കും. ജോലിക്ക് നേരത്തെ എഴുന്നേൽക്കുന്നതിനാൽ നമ്മുടെ അലസത ഇടപെടൽപ്രാപിക്കും. ഒരു വെയിറ്ററുടെയോ ക്ലാർക്കിന്റെയോ ഉപഭോക്താക്കളോടുള്ള മനോഭാവം ഇടപെടൽപ്രാപിക്കേണ്ട ആവശ്യമില്ല. എന്നിരുന്നാലും, സ്വന്തം കടയുടെ ഉടമസ്ഥനായ ഒരാൾ തന്റെ ഉപഭോക്താക്കളെ വ്രണപ്പെടുത്താതിരിക്കാൻ സ്വയം ക്രമീകരിക്കും. ഇടപെടൽപ്രാപിക്കുന്നതിനുപകരം, ചില സഹോദരന്മാർക്ക് കൂടുതൽ പ്രശ്നങ്ങൾ ഉള്ളതായി തോന്നുന്നു, കാരണം അവർ ഭാരത്താലല്ല, ചുമതല നിമിത്തമാണ് സേവിക്കുന്നത്. ഒരു ഭാരമുണ്ടെങ്കിൽ, നമ്മുടെ സ്വയം കുറയുകയും ഇടപെടൽപ്രാപിക്കുകയും ചെയ്യും. അത് വർദ്ധിക്കുകയില്ല, കാരണം നമ്മുടെ ഭാരം നമ്മെ ചെയ്യാൻ അനുവദിക്കാത്ത കാര്യങ്ങളുണ്ട്, കൂടാതെ നമ്മുടെ ഭാരം നമുക്ക് വിടുവിക്കാൻ കഴിയുന്നതിന് മുമ്പ് നമ്മൾ ഇടപെടൽപ്രാപിക്കേണ്ട മേഖലകളുണ്ട്. അതിനാൽ, ഒരു ഭാരം ഉണ്ടാകുന്നത് നമ്മോട് ഏറ്റവും അധികമായി ഇടപെടുന്നു.

കുടുംബഭാരമില്ലാത്ത ഒരു ചെറുപ്പക്കാരന് ജീവിതത്തിൽ സ്വതന്ത്രനായിരിക്കാൻ കഴിയും. എന്നിരുന്നാലും, വിവാഹിതനായി കുട്ടികളുണ്ടായ ശേഷം, ഉത്സാഹവും അച്ചടക്കവും ഉള്ളവനായിരിക്കുന്നതിന്റെ അർഥം അവൻ മനസ്സിലാക്കും. ഒരു കുട്ടിക്ക് ആത്മനിയന്ത്രണമില്ലാതെ മാതാപിതാക്കളുടെ പണം സ്വതന്ത്രമായി ചെലവഴിക്കാൻ കഴിയും. എന്നാൽ അവൻ പ്രായമാകുകയും സ്വന്തമായി ജീവിക്കുകയും ചെയ്യുമ്പോൾ, അവന്റെ ചെലവ് ആസൂത്രണം ചെയ്യപ്പെടും. അവൻ ഷോപ്പിംഗിന് പോകുമ്പോൾ കൂടുതൽ ശ്രദ്ധാലുവായിരിക്കും. മാതാപിതാക്കളുടെ പണം ചെലവഴിക്കുന്നത് ഒരു കാര്യമായിരുന്നു, പക്ഷേ സ്വന്തം പണം ചെലവഴിക്കുന്നത് ഒരു ഭാരമാണ്. സഭകളിലെ സഹോദരന്മാർ ഒരു കമ്പനിയിലെ ജീവനക്കാരായി കടമ അനുസരിച്ച് സേവനം ചെയ്യുന്നതായി തോന്നുന്നു. അവർക്ക് വലിയ ഭാരമില്ലെന്ന് തോന്നുന്നു. അത്തരം സേവനം അപകടകരമാണ്, അത് നമുക്ക് കർത്താവിന്റെ സാന്നിധ്യം നഷ്ടപ്പെടുവാൻ ഇടയാക്കും.

## രണ്ടാമത്തെ പ്രശ്നം—ഏകോപനത്തിനായുള്ള ബോധത്തിന്റെ അഭാവം

നമുക്കിടയിലെ മറ്റൊരു പ്രശ്നം, സേവിക്കുന്നവർ കഴിവുള്ളവരാണെങ്കിലും, സേവിക്കാൻ ഒത്തുചേരുമ്പോൾ അവരുടെ ആത്മാവിൽ ഏകോപനത്തിനുള്ള ഒരു അവബോധം അവർക്കില്ല എന്നതാണ്. മറ്റുള്ളവരെ കൂടാതെ എല്ലാവർക്കും സേവനം ചെയ്യാൻ

കഴിയുമെന്ന് തോന്നുന്നു. തൽഫലമായി, ഒരു പഠിതാവിന്റെ ആത്മാവും സഹായം ആവശ്യമാണെന്നതിന്റെ ആത്മാവും നമ്മിൽ ചുരുക്കം പേർക്കേ ഉള്ളൂ. ആത്മാവിൽ യഥാർഥ ഏകോപിപ്പിക്കുന്നവർക്ക് മറ്റുള്ളവരുടെ സഹായവും ഏകോപനവും ഇല്ലാതെ ഒന്നും ചെയ്യാൻ കഴിയില്ല എന്ന ശക്തമായ ഒരു തോന്നൽ ഉണ്ടായിരിക്കണം. നമ്മുടെ ഇപ്പോഴത്തെ ഏകോപനം ഔപചാരികമാണ്. മറ്റാരുടെയും ആവശ്യമില്ലാതെ നാം നമ്മുടെ പങ്ക് നിർവഹിക്കുന്നു. നാം വാദിക്കുന്നില്ലായിരിക്കാം, പക്ഷേ ആത്മാവിൽ പരസ്പരാശ്രിതത്വം വളരെ കുറവാണ്. നമ്മുടെ സേവന മനോഭാവം അനുചിതമാണെന്ന് ഇത് കാണിക്കുന്നു.

യുവജനങ്ങളോടും കുട്ടികളോടും ഒപ്പം വേലചെയ്യുന്നവരുടെ അവസ്ഥ ഇതാണ്. ഏകോപനം ഔപചാരികമാണ്; ഓരോരുത്തരും അവരവരുടെ ഊഴമാകുമ്പോൾ ചെയ്യേണ്ടത് ചെയ്യുന്നു. ഇത് സഹകരണമാണ്, ഏകോപനമല്ല. ഏകോപനം എന്നാൽ മറ്റൊരുവൻ ഇല്ലാതെ നമുക്ക് ഒന്നും ചെയ്യാൻ കഴിയില്ല എന്നാണ്. നമുക്ക് മറ്റുള്ളവരെ ആവശ്യമുണ്ടെന്നും, മറ്റുള്ളവർക്ക് നമ്മളെ ആവശ്യമുമുണ്ടെന്നും ഉള്ളൊരു അവബോധം ഉണ്ട്. യുവാക്കളോടൊപ്പം വേലചെയ്യുന്നവർ ഇങ്ങനെയായിരിക്കണം; സഭയുടെ എല്ലാ സേവനങ്ങളും ഇതുപോലെയായിരിക്കണം. സഭാസേവകർക്കും മൂപ്പന്മാർക്കും പരസ്പരം ആവശ്യമാണെന്നത് സാധാരണമാണ്, മൂപ്പന്മാരും സഭാസേവകരും ഇല്ലാതെ തങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയില്ലെന്ന് വിശുദ്ധന്മാർക്ക് തോന്നുന്നു.

ഇന്ന് നമുക്ക് നിയമങ്ങളും ക്രമീകരണങ്ങളുമുണ്ട്. മൂപ്പന്മാർ അവർക്ക് ബാധകമായ കാര്യങ്ങൾ ചെയ്യുന്നു, സഭാസേവകർ അവർക്ക് ബാധകമായ കാര്യങ്ങൾ ചെയ്യുന്നു. എല്ലാവരും അവരവരുടെ ഊഴമാകുമ്പോൾ പ്രവർത്തിക്കുന്നു. എന്നിരുന്നാലും, നമ്മുടെ സേവനത്തിൽ മൂപ്പന്മാരും സഭാസേവകരും ഇല്ലാതെ മുന്നോട്ട് പോകാൻ കഴിയില്ല എന്ന ആഴത്തിലുള്ള അനുഭൂതി നമുക്കില്ല. ചില സഹോദരന്മാർക്ക് മൂപ്പന്മാരുടെയും സഭാസേവകരുടെയും ആവശ്യകതയെക്കുറിച്ച് ഒരു ധാരണയും ഇല്ലെന്ന് മാത്രമല്ല, മൂപ്പന്മാരും സഭാസേവകരും ആവശ്യമില്ലെന്ന് അവർ കരുതുന്നു. ഇത് അപകടകരമാണ്.

### *നിഗളത്തിന്റെ ഏറ്റവും വലിയ രൂപം*

ജോലിക്കരായവരുടെ ഭവനങ്ങളിൽ താമസിക്കുന്നവർ ബുദ്ധിമാന്മാരും കഴിവുള്ളവരുമാണ്. അവർ സ്വതന്ത്രരും മറ്റുള്ളവരെ ആവശ്യമില്ലത്തവും ആണെന്നു തോന്നുന്നു. ഇത് വളരെ അപകടകരമാണ്, കാരണം ഇത് നിഗളത്തിന്റെ ഏറ്റവും വലിയ രൂപമാണ്. നാല് സഹോദരന്മാർ ജോലിക്കരായവരുടെ ഭവനത്തിൽ താമസിക്കുന്നുവെങ്കിൽ, അവർ പരസ്പരം ആശ്രയിക്കണം, അവർ തമ്മിലുള്ള പരസ്പര ആശ്രയം മറ്റുള്ളവർ അറിയണം. ദുഃഖകരമെന്നു പറയട്ടെ, നമ്മുടെ ഇടയിലെ അന്തരീക്ഷം ഇതല്ല. ഉദാഹരണത്തിന്, സുവിശേഷം പ്രസംഗിക്കാനുള്ള എന്റെ ഊഴമാണെങ്കിൽ,

ഞാൻ എല്ലാം ചെയ്യും അല്ലെങ്കിൽ ഒന്നും ചെയ്യില്ല. മാനുഷിക വീക്ഷണകോണിൽ ഇതിനെ ഏകോപനമായി കണക്കാക്കാം, പക്ഷേ ഈ ഏകോപനം നിയന്ത്രണത്തിനും ക്രമീകരണത്തിനും അനുസരിച്ചാണ്. ആത്മാവിൽ മറ്റുള്ളവരെ ആവശ്യമുണ്ടെന്ന തോന്നൽ ഇല്ല. ഏകോപനം അനാവശ്യവും ശല്യപ്പെടുത്തുന്നതുമാണെന്നും ഏകോപ്പിക്കാതിരിക്കുന്നതാണ് നല്ലതെന്നും ചിലർ ചിന്തിച്ചേക്കാം.

ഏകോപനത്തിന്റെ ആവശ്യമില്ലാത്തവർ വരണ്ടവരും, അനുഗ്രഹമില്ലാത്തവരും, ഉപയോഗശൂന്യരുമാണ്. നമ്മൾ ബുദ്ധിമാനും, കഴിവുള്ളവരുമാണെന്നും, പരസ്പരം സഹായം ആവശ്യമില്ലെന്നും ഉള്ള വസ്തുത ഒരു വലിയ അപകടമാണ്. ഇത് ദുഃഖകരവും ദയനീയവുമായ ഒരു സാഹചര്യമാണ്. ഭയാനകമായ കാര്യം, ഈ സാഹചര്യം മറഞ്ഞിരിക്കുന്നു എന്നും, വളരെ പ്രത്യക്ഷമല്ല എന്നുമാണ്. ഈ സാഹചര്യത്തെ കുഷ്ഠരോഗവുമായി താരതമ്യപ്പെടുത്താം. അത് പ്രകടമായാൽ, അതിനോട് ഇടപെടുവാൻ എളുപ്പമാണ്.

ഇത് കാണിക്കുന്നത് നമുക്ക് ശരീരത്തിന്റെ കൂട്ടായ്മയുടെ അഭാവം ഉണ്ടെന്നാണ്. നമ്മൾ ഒരുമിച്ചുകൂടുമ്പോൾ, നമുക്ക് വളരെ അപൂർവമായി മാത്രമേ സമഗ്രമായ കൂട്ടായ്മ ഉണ്ടാകാറുള്ളൂ. ഉദാഹരണത്തിന്, മറ്റ് നഗരങ്ങളിൽ നിന്നുള്ള വിശുദ്ധന്മാർ തായ്പേയ് സന്ദർശിക്കുമ്പോൾ, നമ്മൾ ഒരു മീറ്റിംഗിനായി ഒരുമിച്ച് ഇരിക്കുന്നു. എന്നാൽ, മീറ്റിംഗിന് ശേഷം, നാമെല്ലാവരും കൂട്ടായ്മചെയ്യാതെ നമ്മൾ വേർപിരിയുന്നു. തായ്‌വാനിലെ നമ്മുടെ ആദ്യത്തെ ആറ് വർഷങ്ങളിലെ സാഹചര്യം ഇതായിരുന്നില്ല. ആ വർഷങ്ങളിൽ, ഞങ്ങൾക്ക് ഒരു കോൺഫറൻസ് ഉണ്ടായിരുന്നപ്പോഴെല്ലാം, ഞങ്ങൾ ഒത്തുചേർന്നു, ധാരാളം കൂട്ടായ്മ ആചരിച്ചിരുന്നു. ഇപ്പോൾ നാമെല്ലാവരും കഴിവുള്ളവരും, മിടുക്കരും, അറിവുള്ളവരുമാണ്. നമുക്ക് പരസ്പരം ആവശ്യമില്ല; നമുക്ക് കൂട്ടായ്മ ആവശ്യമില്ല. ഇത് നിഗളത്തിന്റെ ഏറ്റവും വലിയ രൂപമാണ്. ഇത് കർത്താവിനും ശരീരത്തിനും ഏറ്റവും അരോചകമായ കാര്യമാണ്. നാം താഴ്മയോടെ മറ്റുള്ളവരെ ശുശ്രൂഷിക്കുകയും ഏകോപനത്തിലൂടെ നമ്മുടെ ചാതുര്യത്തെ നിയന്ത്രിക്കുകയും വേണം.

### ***ശരീരത്തിലും ജീവനിലും കൂട്ടായ്മയും ഏകോപനവും ആവശ്യമാകുന്നു***

ശരീരത്തിലെ ഏകോപനത്തിന്റെയും ആശ്രയത്വത്തിന്റെയും തത്ത്വം നഷ്ടപ്പെട്ടാൽ, സഭയുടെ നടത്തിപ്പിലും വചന ശുശ്രൂഷയിലും നാം ശക്തരാകില്ല. ഒരിക്കൽ ഈ തത്ത്വം നഷ്ടപ്പെട്ടാൽ, നമുക്ക് വലിയ അനുഗ്രഹം ലഭിക്കില്ല. നമ്മുടെ ഏകോപനം യാന്ത്രികമാകരുത്, നമ്മുടെ ഊഴമാകുമ്പോൾ മാത്രം പ്രവർത്തിക്കരുത്. മറ്റുള്ളവരെ കൂടാതെ നമുക്ക് ഒന്നും ചെയ്യാൻ കഴിയില്ലെന്നും, നമുക്ക് പരസ്പരം ശരിക്കും ആവശ്യമാണെന്നും നമുക്ക് തോന്നണം. നമ്മൾ ഒത്തുചേർന്ന്

ഓരോരുത്തരും സ്വന്തം വേല മാത്രം ചെയ്യുവാൻ വേല നിയോഗിച്ചാൽ, നമ്മുടെ സാഹചര്യം ഒരു പൗര സംഘടനയിലോ ഒരു വലിയ സ്ഥാപനത്തിലോ ഉള്ള തൊഴിൽ വിഭാഗത്തിന് സമാനമാണ്. ശരീരത്തിലെ അംഗങ്ങൾക്കിടയിലുള്ള ഏകോപനത്തിന്റെ രുചിയുടെ അഭാവം ഇടപെടൽപ്രാപിക്കണം.

ശരീരം കാണുക എന്നാൽ എന്താണ്? ശരീരം കാണുക എന്നതിന്റെ ഏറ്റവും വലിയ സൂചന നമുക്ക് സ്വതന്ത്രരാകാൻ കഴിയില്ല എന്നതാണ്. നമുക്ക് ശരീരം ആവശ്യമാണെന്ന്, സഹോദരീസഹോദരന്മാരെ ആവശ്യമാണെന്ന് നമുക്ക് തോന്നുന്നു. എന്നിരുന്നാലും, നിലവിൽ, നമ്മുടെ ഏകോപനത്തെ ഒരു സ്ഥാപനത്തിലെ ജോലിയോട് താരതമ്യപ്പെടുത്താം. നമ്മൾ ഒരു യന്ത്രം പോലെ നീങ്ങുന്നതായും ജീവന്റെ കൂട്ടായ്മയുടെ ബോധം നമുക്കില്ലെന്നും തോന്നുന്നു.

### ***ഏകോപനത്തിന്റെ അഭാവം വിമർശനത്തിന് കാരണമാകുന്നു***

മറ്റുള്ളവരുമായി നമുക്ക് ഏകോപനമില്ലെങ്കിൽ, അവർ ചെയ്യുന്നതിനെ നാം എപ്പോഴും വിമർശിക്കും. നമ്മൾ അത് പ്രകടിപ്പിച്ചില്ലെങ്കിലും, നമ്മൾ വിമർശനത്താൽ നിറഞ്ഞിരിക്കുന്നു, മറ്റുള്ളവർ ചെയ്യുന്നതിനെ നാം അംഗീകരിക്കുന്നില്ല. അത്തരം ആളുകൾ ഇടുങ്ങിയവരും ദയനീയരുമാണ്. നമ്മുടെ സേവനത്തിൽ മറ്റുള്ളവർ നമ്മളെപ്പോലെയാകണമെന്ന് നാം പ്രതീക്ഷിക്കരുത്, നമ്മളും മറ്റുള്ളവരെപ്പോലെയാകുവാൻ പ്രതീക്ഷിക്കരുത്. എന്നിരുന്നാലും, നമ്മുടെ സേവനത്തിൽ നമുക്ക് ഏകോപനമില്ലാത്തതിനാലും പരസ്പരം ആശ്രയിക്കാത്തതിനാലും, നമ്മൾ മറ്റുള്ളവരെ പലപ്പോഴും ചവിട്ടിമെതിക്കുന്നു. ഒന്നുകിൽ നമ്മൾ നടക്കില്ല, അല്ലെങ്കിൽ നടക്കുമ്പോൾ മറ്റുള്ളവരെ ചവിട്ടിമെതിക്കുന്നു. നമ്മൾ ജോലി ചെയ്യില്ല, അല്ലെങ്കിൽ മറ്റുള്ളവരുടെ ജോലിയുകൂടി ചെയ്യുന്നു. നമുക്ക് ഒന്നുകിൽ ബോധവാന്മാരല്ല, അല്ലെങ്കിൽ മറ്റുള്ളവരുടെ വേലയെ വിമർശിക്കുന്നു. ഒരു പ്രത്യേക കാര്യം മറ്റുള്ളവരുടെ കൈകളിലായിരിക്കുമ്പോൾ, നമുക്ക് ഒന്നും ചെയ്യാൻ കഴിയില്ല, പക്ഷേ ഒരു അവസരം നമുക്ക് ലഭിക്കുമ്പോൾ, നമ്മൾ അത് നമ്മുടെ രീതിയിൽ ചെയ്യുകയും മറ്റുള്ളവരുടെ സഹായം ഉപേക്ഷിക്കുകയും ചെയ്യുന്നു. ഈ അവസ്ഥ നമ്മുടെ ഇടയിൽ പ്രകടമല്ലെങ്കിലും, അത് ഭാവിയിൽ പ്രകടമാകും, കാരണം നമ്മൾ മറ്റുള്ളവർക്ക് കീഴ്പെടുവാൻ മനസ്സുള്ളവരല്ല. ഇത് മൂഢമായ വഴിയാണ്.

### ***മറ്റുള്ളവർ നമ്മളെപ്പോലെ ആകണമെന്ന് ആവശ്യപ്പെടരുത്, എന്നാൽ മറ്റുള്ളവർ ചെയ്യുന്നതിനെ ബഹുമാനിക്കുക***

മറ്റുള്ളവർ എല്ലാത്തിലും നമ്മളെപ്പോലെ ആയിരിക്കണമെന്ന് അവരോട് ആവശ്യപ്പെടരുത്. മറ്റുള്ളവർ സന്ദേശങ്ങൾ നൽകുന്ന രീതിയെക്കുറിച്ചും, ആളുകളെ സന്ദർശിക്കുന്നതിനെക്കുറിച്ചും, ജീവിക്കുന്നതിനെക്കുറിച്ചും നമ്മൾ ചർച്ച ചെയ്യരുത്. മറ്റുള്ളവർ ജീവിക്കുന്ന രീതിയിൽ നമുക്ക്

തൃപ്തിയില്ലെങ്കിലും, മറ്റുള്ളവർക്ക് മാനദണ്ഡങ്ങൾ നിശ്ചയിക്കാൻ നമുക്ക് കഴിയില്ല, മറ്റുള്ളവരെ വിധിക്കാൻ നമുക്ക് യോഗ്യതയില്ല. കർത്താവ് മാത്രമാണ് മാനദണ്ഡവും വിധികർത്താവും. മറ്റുള്ളവർ ചെയ്യുന്നതിനെ ബഹുമാനിക്കാൻ നാം പഠിക്കണം. തീക്ഷ്ണതയുള്ളവരായിരിക്കുക എന്ന് നമ്മൾ പറയുമ്പോൾ, മറ്റുള്ളവരുടെ നിശബ്ദതയെ നാം ബഹുമാനിക്കണം; ശാന്തരായിരിക്കുക എന്നും കർത്താവിനോട് ചേരുക എന്നും നമ്മൾ പറയുമ്പോൾ, തിരക്കുള്ളവരെ വിമർശിക്കരുത്. എല്ലാവരും നമ്മളെപ്പോലെ തന്നെയാണെങ്കിൽ, ശരീരം ഉണ്ടാകില്ല. ഒരു അവയവം മാത്രമേ ഉണ്ടാകൂ. ഇത് സഭയല്ല. എല്ലാവരും നമ്മളെപ്പോലെയാണെങ്കിൽ, നമ്മൾ മാത്രമേ ഉണ്ടാകൂ, സഭയുണ്ടാകില്ല. സഭ പലതരം ആളുകളാൽ ചേർന്നതാണ്. വ്യത്യസ്ത അവയവങ്ങളുള്ള മനുഷ്യശരീരവുമായി ഇതിനെ താരതമ്യം ചെയ്യാം. കൈകൾ കൈകൾ പോലെയാണ് നോക്കുന്നത്, കാലുകൾ കാലുകൾ പോലെയാണ് നോക്കുന്നത്, ചെവികൾ ചെവികൾ പോലെയാണ് നോക്കുന്നത്, കണ്ണുകൾ കണ്ണുകൾ പോലെയാണ് നോക്കുന്നത്. ഏറ്റവും ഭംഗിയില്ലാത്തതായി തോന്നുന്ന അവയവം പോലും ശരീരത്തിൽ ആവശ്യമാണ്.

അതുകൊണ്ട്, മറ്റുള്ളവരെ ചവിട്ടിമെതിക്കാതിരിക്കാൻ നാം പഠിക്കണം. വേല ചെയ്യാനുള്ള നമ്മുടെ ഊഴമാകുമ്പോൾ, മറ്റുള്ളവർ ചെയ്തതിനെ വിമർശിക്കരുത്. മറ്റുള്ളവരുടെ വേലയെ ബഹുമാനിക്കുകയും നമ്മുടെ വേലയെ അവരുടെ വേലയയോടൊപ്പം ചേർക്കുന്നത് ഒരു അനുഗ്രഹമാണ്. മറ്റുള്ളവരോട് സംസാരിക്കുമ്പോൾ നാം പ്രതിലോമരായിരിക്കരുത്, അനുലോമരായിരിക്കണം. മറ്റുള്ളവർ തെറ്റാണെന്ന് പറയുന്നത് ബുദ്ധിശൂന്യമാണ്. ഈ പ്രതിലോമ ഘടകങ്ങൾ നമ്മുടെ ഇടയിൽ നിലനിൽക്കുന്നിടത്തോളം, സഭയുടെ നടത്തിപ്പിന് പ്രശ്നങ്ങളുണ്ടാകും, വചന ശുശ്രൂഷ ശക്തമാകില്ല. വ്യത്യസ്ത സ്ഥലങ്ങളിൽ നിന്നുള്ള നിരവധി വിശുദ്ധന്മാർ സഭയിൽ ഒരുമിച്ച് സേവിക്കുന്നു. അവർക്ക് വ്യത്യസ്ത സ്വഭാവങ്ങളും കുടുംബ പശ്ചാത്തലങ്ങളുമുണ്ട്, കൂടാതെ അവർക്ക് വ്യത്യസ്ത ആത്മിക പശ്ചാത്തലങ്ങളും പരിശീലനവുമുണ്ട്. അതിനാൽ, എല്ലാവരും നമ്മളെപ്പോലെയായിരിക്കണമെന്ന് നമുക്ക് പ്രതീക്ഷിക്കാനാവില്ല. മറ്റുള്ളവരെ ചവിട്ടിമെതിക്കാതിരിക്കാൻ നാം പഠിക്കേണ്ടതുണ്ട്. നമ്മൾ ഒരു ചുവടുവെക്കുമ്പോൾ, മറ്റുള്ളവരെ ചവിട്ടിമെതിക്കരുത്. വചനം ശുശ്രൂഷിക്കുമ്പോൾ നാം പ്രത്യേകിച്ച് മറ്റുള്ളവരെ ചവിട്ടിമെതിക്കുന്നത് ഒഴിവാക്കണം.

ഉദാഹരണത്തിന്, പ്രാർഥനയെക്കുറിച്ച് സംസാരിക്കുമ്പോൾ, ധ്യാനത്തെക്കുറിച്ച് സംസാരിക്കുന്നവരെ വിമർശിക്കരുത്, കാരണം വിശുദ്ധന്മാർക്ക് രണ്ടും ആവശ്യമായി വന്നേക്കാം. ധ്യാനത്തെക്കുറിച്ചുള്ള മറ്റുള്ളവരുടെ സംസാരത്തെ വിമർശിക്കാതെ പ്രാർഥനയെക്കുറിച്ച് അനുലോമപരമായി നാം സംസാരിക്കണം. നമ്മൾ ഒരുമിച്ച് സേവിക്കുമ്പോൾ, വചന ശുശ്രൂഷയിൽ മറ്റുള്ളവരെ വിമർശിക്കുന്നത് നാം പൂർണ്ണമായും

ഒഴിവാക്കണം. ചിലർ പ്രാർഥനയെക്കുറിച്ചും മറ്റുചിലർ ധ്യാനത്തെക്കുറിച്ചും സംസാരിച്ചേക്കാം; ചിലർ തീക്ഷ്ണതയുള്ളവരാകുന്നതിനെക്കുറിച്ചും മറ്റുചിലർ അതിവിശുദ്ധസ്ഥലത്തായിരിക്കുന്നതിനെക്കുറിച്ചും സംസാരിച്ചേക്കാം. ഇവ വചനവിരുദ്ധ ഉപദേശങ്ങളല്ല; അവ ഊന്നലിൽ വ്യത്യസ്തമാണ്. മറ്റുള്ളവരെ വിമർശിക്കുന്നത് നമ്മൾ ഇടുങ്ങിയവരാണെന്ന് കാണിക്കുന്നു, ഇത് ഭിന്നതയിലേക്ക് നയിക്കും. നമ്മൾ വേലചെയ്യുന്ന രീതി ഇപ്രകാരമാണെങ്കിൽ, നമുക്കിടയിൽ കെട്ടുപണി ഉണ്ടാകില്ല; അതിനു വിരുദ്ധമായി, നാശം ഉണ്ടാകും.

നാം ഇനുലോമപരമായി അധ്വാനിക്കുകയും മറ്റുള്ളവരിൽ നിന്ന് സഹായം സ്വീകരിക്കാൻ പഠിക്കുകയും വേണം. നമ്മുടെ ഭാഗം ആർക്കും ചെയ്യാൻ കഴിയില്ലെന്ന് നാം മനസ്സിലാക്കണം. അപ്പൊസ്തലനായ പൗലൊസിന് പോലും നമുക്ക് ചെയ്യാൻ കഴിയുന്നത് ചെയ്യാൻ കഴിയില്ല. എന്നിരുന്നാലും, നമുക്ക് മറ്റുള്ളവരെ പകരംവയ്ക്കുവാൻ കഴിയില്ലെന്ന് നാം സമ്മതിക്കണം. ഓരോ വ്യക്തിക്കും അവരുടേതായ പ്രവർത്തനമുണ്ട്. നാം വചനം ശുശ്രൂഷിക്കുമ്പോഴും, കൂട്ടായ്മ ആചരിക്കുമ്പോഴും, പ്രാർഥിക്കുമ്പോഴും മറ്റുള്ളവരെ വിമർശിക്കരുത്. പ്രത്യേകിച്ച്, മറ്റുള്ളവരോടൊപ്പം പ്രാർഥിക്കുമ്പോൾ, നാം പരസ്പരവിരുദ്ധമായ രീതിയിൽ പ്രാർഥിക്കുന്നത് ഒഴിവാക്കണം.

### *ശരീരബോധത്തെ കാത്തുസൂക്ഷിക്കുകയും നമ്മുടെ സേവനത്തിൽ പണിയപ്പെടുകയും ചെയ്യുക*

സഹോദരന്മാർ തകർക്കപ്പെടേണ്ടതിന്റെയും, മറ്റുള്ളവരെ ഉൾക്കൊള്ളേണ്ടതിന്റെയും, മറ്റുള്ളവരുടെ പ്രവർത്തനത്തെ ബഹുമാനിക്കേണ്ടതിന്റെയും പാഠം പഠിക്കേണ്ടതുണ്ട്. നമ്മുടെ കർത്താവ് വലിയവനാണ്, അവന്റെ വേലയ്ക്ക് നിരവധി വശങ്ങളുണ്ട്. അതിനാൽ, കർത്താവ് നമ്മെ ഏൽപ്പിച്ച കാര്യങ്ങളിൽ നാം വിശ്വസ്തരായിരിക്കണം, മറ്റുള്ളവർ ചെയ്യുന്ന കാര്യങ്ങളെ ബഹുമാനിച്ചുകൊണ്ട് അവരുമായി ഏകോപനത്തിൽ പ്രവർത്തിക്കാൻ പഠിക്കണം. അവർ വചനവിരുദ്ധമായി പറയാത്തിടത്തോളം, നാം ഇടപെടുകയോ കൈകടത്തുകയോ വിമർശിക്കുകയോ അരുത്. ഈ വിധത്തിൽ മാത്രമേ നമുക്ക് ശരീരബോധം നിലനിർത്താനും നമ്മുടെ ഇടയിൽ കെട്ടുപണി ഉണ്ടായിരിക്കുവാനും കഴിയുകയുള്ളൂ.

ഈ പ്രശ്നങ്ങളുടെ വിത്തുകൾ നമ്മുടെ ഇടയിൽ വിതയ്ക്കപ്പെട്ടിട്ടുണ്ട്, അവ ഇതിനകം തന്നെ ചില പ്രതിലോമ സാഹചര്യങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നാം ഒരുമിച്ച് കർത്താവിനെ അവന്റെ വേലയിൽ സേവിക്കുകയും ഒരുമിച്ച് ഈ വേല പങ്കിടുകയും ചെയ്യുന്നതിനാൽ, അത്തരം സാഹചര്യങ്ങളെ പൂർണ്ണമായും കുറ്റംവിധിക്കുവാൻ നാം എഴുന്നേൽക്കണം. ഈ കാര്യങ്ങൾ നമ്മോട് വളരെ ബന്ധപ്പെട്ടിരിക്കുന്നു, കൂടാതെ കർത്താവിന്റെ മുമ്പാകെ നാം എത്രമാത്രം ഇടപെടൽപ്രാപിച്ചെന്നും നാം ജീവന്റെ പാഠങ്ങൾ പഠിച്ചെന്നും

വെളിവാക്കുകയും ചെയ്യും. നമ്മൾ ജീവനിൽ വളർന്നിട്ടുണ്ടെങ്കിൽ, തകർക്കപ്പെട്ടിട്ടുണ്ടെങ്കിൽ, ചില പാഠങ്ങൾ പഠിച്ചിട്ടുണ്ടെങ്കിൽ, ഈ കാര്യങ്ങളിലെല്ലാം നാം രക്ഷിക്കപ്പെടും. യോഹന്നാന്റെ സുവിശേഷം പഠിക്കാൻ മൂപ്പന്മാർ നിർദ്ദേശിച്ചപ്പോൾ, ഹോം മീറ്റിംഗിനായി ഉത്തരവാദിത്തമുള്ള സഹോദരൻ അത് വളരെ നീണ്ടുപോകും എന്ന് പറഞ്ഞുകൊണ്ട് മൂപ്പന്മാർ തന്റെ വഴി സ്വീകരിക്കണമെന്ന് നിർബന്ധിച്ചാൽ, ഏകോപനത്തിന്റെ ബോധം ദുർബലമായി. ഏകോപനത്തിന്റെ ബോധം ഒരിക്കൽ ദുർബലമായാൽ, ശരീരത്തിന്റെ കെട്ടുപണി ശക്തമാകുമെന്ന് നമുക്ക് പ്രതീക്ഷിക്കാനാവില്ല.

ഈ സഹോദരൻ മൂപ്പന്മാരുടെ നിർദ്ദേശങ്ങളെ എതിർക്കുന്നത് തുടർന്നാൽ, അവന്റെ യോഗത്തിലെ സഹോദരീസഹോദരന്മാർ ഒടുവിൽ അവനെ എതിർക്കാൻ എഴുന്നേൽക്കും, കാരണം അവൻ മറ്റുള്ളവരെ എതിർക്കാനും അഭിപ്രായങ്ങൾ പറയാനും നേതൃത്വം എടുത്തു. അവൻ ഈ രീതിയിൽ തുടർന്നാൽ, തന്റെ ഭവന യോഗത്തിലെ സഹോദരീസഹോദരന്മാരെ ഏകോപനത്തിനും നല്ല കെട്ടുപണിക്കും ശക്തമായ സേവനം ഉണ്ടായിരിക്കാൻ അവന് എങ്ങനെ നയിക്കാനാകും? നാമെല്ലാവരും ഗൗരവമേറിയ ഒരു പാഠം പഠിക്കേണ്ടതുണ്ട്. ശരീരത്തിന്റെ ഏകോപനത്തിൽ, എല്ലാവരും പ്രവർത്തിക്കുകയും മറ്റുള്ളവർ ചെയ്യുന്നതിനെ ബഹുമാനിക്കുകയും വേണം. മറ്റുള്ളവരെ വിമർശിക്കരുത്, മറിച്ച് ക്രിസ്തുവിന്റെ ശരീരത്തിന് ഹാനി വരാതെ, സഹായം ലഭിക്കേണ്ടതിന് അവരുടെ അധ്വാനത്തിൽ പങ്കുചേരണം. ഈ രീതിയിൽ ശരീരത്തിലെ ഏകോപനത്തിന്റെ അനുഭൂതി മധുരമുള്ളതായിരിക്കുകയും, ശരീരത്തിന്റെ കെട്ടുപണി ശക്തമായിരിക്കുകയും ചെയ്യും. (*The Collected Works ofWit ness Lee,* 1957, *vol.* 2, *"The Administration of the Church and the Ministry of the Word," pp.* 233-246)